കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# എടവിലങ്ങ് ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി3) 449/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.

ഫോൺ നമ്പർ -0487 2331249
e-mail: dotsr.ksad@kerala.gov.in
തീയതി: 04.06.20

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

എടവിലങ്ങ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം - എടവിലങ്ങ് ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :-

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി3)449 /2020          തീയ്യതി. 04.06.2020

## തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19<br>സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 18.9.2018 മുതൽ 11.11.2019 തീയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് 31.3.19 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി മേരി ഹണി ജോസഫ് ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.11.2019 മുതൽ 20.11.2019 വരെ |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീ.ശിവൻ പി എ | ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| ശ്രീ.സീനത്ത് പി എ | ഓഡിറ്റ് ഓഫീസർ |
| ശ്രീ സിനിലാൽ എം ജി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി നിജു സി എസ് | ഓഡിറ്റർ |

### നിർവ്വഹണ അധികാരികൾ

| പ്രസിഡന്റ് | കാലയളവ് |
|---|---|
| ശ്രീ എ പി ആദർശ് | 01.4.2018 മുതൽ 31.3.2019 വരെ |

| സെക്രട്ടറി | കാലയളവ് |
|---|---|
| വി.എം.സഹീർ | 1.4.2018 മുതൽ 7.9.2018 വരെ<br>22.9.2018 മുതൽ 14.2.2019 വരെ |
| ശ്രീമതി അമൃത കുമാരി വി ഡി | 08.9.2018 മുതൽ 21.9.2018 വരെ<br>15.2.2019 മുതൽ 12.3.2019 വരെ |
| വി എം നടരാജൻ | 13.3.2019 മുതൽ 31.3.2019 വരെ |

### നിർവ്വഹണ ഉദ്യോഗസ്ഥർ

| തസ്തിക | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ഫാൻസി പരമേശ്വരൻ | 01.04.2018 മുതൽ<br>31.03.2019 വരെ. |
| അസിസ്റ്റന്റ് എഞ്ചിനീയർ | യമുന പി ബി | 01.04.2018 മുതൽ01.7.2018 FN വരെ |
| | ശ്രീ.രാജപ്പൻ പി ജി | 01.07.2018 AN മുതൽ 28.3.2019 വരെ |
| | | 29.3.2019 മുതൽ |

| | | |
|---|---|---|
| | ശ്രീമതി.ശ്രീജ വി എസ് | 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി. | Dr.അനിൽ ടി പി | 1.4.2018 മുതൽ 31.3.2019 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | Dr.,സജി പി.എ. | 01.04.2018 മുതൽ 31.03.2019 വരെ. |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.ജെ.മഹാലിങ്കേശ്വര ഭട്ട് | 01.04.2018 മുതൽ 03.08.2018 വരെ. |
| | ഡോ.ഫസീല ഇ ഐ | 04.08.2018 മുതൽ 31.3.2019 വരെ. |
| വെറ്ററിനറി സർജൻ | Dr.ശബ്ന പി കെ | 01.04.2018മുതൽ 31.03.2019 വരെ. |
| പ്രധാനാധ്യാപിക, ജി.എഫ്.എൽ.പി.എസ്. | ചാന്ദ്നി.എ.സി | 01.04.2018 മുതൽ 06.05.2018 വരെ. |
| | ഒഴിവ് | 7.5.2018 മുതൽ 31.05.2018 വരെ. |
| | റാണി എം എസ് | 01.06.2018 മുതൽ 31.03.2019 വരെ. |
| വി.ഇ.ഒ. കാര സർക്കിൾ | അരുൺ ജോസ് പി | 01.04.2018 മുതൽ 31.03.2019 വരെ. |
| വി.ഇ.ഒ. എടവിലങ്ങ് സർക്കിൾ | ഷജിത.കെ.ബി. | 01.04.2018മുതൽ 31.03.2019വരെ. |
| അസിസ്റ്റന്റ് സെക്രട്ടറി | സുജാത പി | 01.04.2018മുതൽ 23.06.2018വരെ. |
| | ഒഴിവ് | 24.06.18 |
| | അമൃതകുമാരി വി ഡി | 25.06.2018മുതൽ 31.03.2019വരെ. |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ഡിനി വിൻസെന്റ് | 1.04.2018 മുതൽ 31.03.2019വരെ. |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ജീന ഗോപിനാഥ് | 01.04.2018മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | Dr.കവിത എ | 01.04.2018മുതൽ 31.03.2019 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1.1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1.2 |
| 3 | സാമ്പത്തിക വിശകലനം | 1.3 |
| 4 | ഫണ്ട് വിനിയോഗം | 1.4 |
| 5 | പദ്ധതി അവലോകനം. | 1.5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1.6 |
| 7 | ക്ഷേമ പദ്ധതികൾ | 1.7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1.8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1.10 |
| 11 | അക്കൗണ്ട്സ് പരിശോധന അപാകതകൾ | 1.11 |
| 12 | റഗുലറൈസേഷൻ ഫീ അടവാക്കിയിട്ടില്ല;സംങ്കേതം സോഫ്റ്റ് വെയർ അപാകത പരിഹരിക്കപ്പെടേണ്ടതാണ് | 1.12 |

| | | |
|---|---|---|
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1.13 |
| 14 | വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ്-സഞ്ചയ കെട്ടിട ഗണ പ്രകാരം ഡിമാന്റ് ചെയ്യുന്നില്ല | 1.14 |
| 15 | വ്യവസായ ഗണത്തിലുൾപ്പെടുത്താതെ നികുതി നിർണ്ണയം | 1.15 |
| 16 | വാടക-ലേലം അപാകതകൾ | 1.16 |
| 17 | വസ്തുനികുതി കുറവായി നിർണ്ണയിച്ചു | 1.17 |
| 18 | വിമുക്ത ഭടൻമാരുടെ നികുതിയിളവ്-അപാകതകൾ | 1.18 |
| 19 | വേക്കൻസി റമിഷൻ അപാകത | 1.19 |
| 20 | പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ സംബന്ധിച്ച് | 1.20 |
| 21 | വാർഡ്തല സാനിറ്റേഷൻ -ചെലവുരേഖകൾ ഹാജരാക്കിയില്ല. 40000/- രൂപ തടസ്സപെടുത്തുന്നു. | 1.21 |
| 22 | മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ | 1.22 |
| 23 | തുല്യതാ പരീക്ഷ തുടർ നിരീക്ഷണം ഉറപ്പാക്കണം. | 1.23 |
| 24 | സ്ത്രീ പദവി പഠനം പദ്ധതി ലക്ഷ്യം നേടിയില്ല. | 1.24 |
| 25 | അംഗൻവാടി ഹെൽപർമാർക്ക് അധിക ഹോണറേറിയം. ചെലാൻ ഹാജരാക്കിയില്ല. തുക തടസ്സപെടുത്തുന്നു. | 1.25 |
| 26 | പൂരകപോഷകാഹാര വിതരണം, വയോജനങ്ങൾക്ക് കട്ടിൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തിയില്ല. | 1.26 |
| 27 | ഹരിതകർമ്മസേനവഴി പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം-പ്രവർത്തനം കാര്യക്ഷമമാക്കണം. | 1.27 |
| 28 | ലൈഫ് പദ്ധതി പൂർത്തീകരിക്കണം. | 1.28 |
| 29 | ക്ഷീര കർഷകർക്ക് പാൽ സബ്സിഡി -അപാകതകൾ | 1.29 |
| 30 | വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല. | 1.30 |
| 31 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 1.31 |
| 32 | എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്. | 1.32 |
| 33 | അഗതി രഹിത കേരളം- തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല. | 1.33 |
| 34 | എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ -അപാകതകൾ | 1.34 |
| 35 | ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല | 1.35 |
| 36 | എൻ.ആർ.ഇ.ജി.എസ്,ഡി.എസ്.ആർ നിരക്കുകൾ ക്വാറി മക്ക് വിരിക്കുന്നത് തമ്മിൽ ഗണ്യമായ അന്തരം | 1.36 |
| 37 | തൊഴിലുറപ്പുപദ്ധതി-പൊതുവിവരങ്ങൾ | 1.37 |
| 38 | മഴക്കെടുതിമൂലം തകർന്ന റോഡുകൾ -വിവരങ്ങൾ ലഭ്യമാക്കിയില്ല | 1.38 |
| 39 | 11ാം വാർഡിലെ അംഗണവാടി എത്രയും വേഗം വൈദ്യുതീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ് | 1.39 |
| | ഭാഗം-2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന | |

| | | |
|---|---|---|
| | ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം-4 | |
| 40 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയ വിവരം | 4.1 |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.2 |
| 42 | ഡെപ്പോസിറ്റ് വർക്കിന നൽകിയ തുകയുടെ വിവരങ്ങൾ | 4.3 |
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.4 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4.5 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4.6 |
| 46 | ഓഡിറ്റ് റിക്കവറി | 4.7 |
| 47 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4.8 |
| 48 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4.9 |
| 49 | ഓഡിറ്റ് പ്രത്യവലോകനം | 4.10 |
| 50 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.11 |
| 51 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 52 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്

## 1-1 ബജറ്റ്

21/03/2018 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് 121248500 രൂപ, ചെലവ് 122304800 രൂപ 26.2.2019 ലെ 1-ാം നമ്പർ തീരുമാനപ്രകാരം പുതുക്കിയ ബജറ്റും അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക ലഭിച്ചതിന്റെ വിവരം.

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2019 | 22.05.19 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5100513.72 |
| വരവ് | 70659466 |
| ആകെ | 75759979.72 |
| ചെലവ് | 64149421 |
| നീക്കിയിരിപ്പ് | 11610558.72 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | 0 | 13407000 | 13407000 | 12978372 | 428628 |
| വികസന ഫണ്ട്- | 0 | 3293000 | 3293000 | 2898864 | 394136 |

| | | | | | | |
|---|---|---|---|---|---|---|
| എസ്.സി.പി (ACR പ്രകാരം) | | | | | | |
| വികസന ഫണ്ട്- ടി.എസ്.പി (ACR പ്രകാരം) | | 0 | 151000 | 151000 | 131000 | 20000 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 4139000 | 4139000 | 2324487 | 1814513 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3250000 | 3250000 | 3250000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 6223000 | 622300 | 622300 | 0 |
| സാക്ഷരത | | 0 | 8875 | 8875 | 0 | 8875 |
| ദുരിതാശ്വാസനിധി | | 1027 | 180 | 1207 | 0 | 1207 (pass book 1204) |
| ഭവനനിധി | | 0 | 0 | 0 | 0 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (അംഗൻവാടി-പോഷകാഹാരം,കളിപ്പാട്ടം) | | 494851 | 953413 | 1448264 | 766543 | 681721 |
| വിമുക്തി | | 12500 | 25000 | 37500 | 8580 | 28920 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 126722 * | 2668266 | 2794988 | 2443722 | 351266 |
| | ജില്ലാ പഞ്ചായത്ത് | 888447 * | 2182476 | 3070923 | 2529309 | 541614 |
| തനതു ഫണ്ട് | എസ് ബി ഐ(കറന്റ്) | 85077 | 12139864 | 12224941 | 12060000 | 164941 |
| | കെ ടി സി ബാങ്ക് | 4259743 | 9948134 | 14207877 | 8982902 | 5224975 |

*(മുന്നിരിപ്പ് ബാങ്ക് നീക്കിയിരിപ്പുമായി 208108 രൂപ വ്യത്യാസമുണ്ട്.ടി.തുക തനതു ഫണ്ട് കെ ടി സി അക്കൗണ്ടിലാണ് വരവ് വെച്ചിരിക്കുന്നത് )

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചവ (എണ്ണം) | അടങ്കൽ(തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പിലാക്കിയത് | നടപ്പിലാക്കാത്തത് | പൂർത്തീകരിച്ചതിന്റെ ശതമാനം |
|---|---|---|---|---|---|---|
| 159 | 74116583 | 124 | 48764511 | 24 | 11 | 77.9 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 18458 | 905316 | 923774 | 899272 | 24502 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 19990940 | 19990940 | 19990940 | 0 |

## 1-7 ക്ഷേമപദ്ധതികൾ

| പദ്ധതിയുടെ പേര് | ചെലവുതുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 107400 | 58 |
| കർഷകതൊഴിലാളി പെൻഷൻ | 2413600 | 192 |
| വിധവ പെൻഷൻ | 11636300 | 966 |
| വാർദ്ധക്യകാല പെൻഷൻ | 14720400 | 1279 |

| | | |
|---|---|---|
| വികലാംഗ പെൻഷൻ | 3870500 | 304 |
| അവിവാഹിത സ്ത്രീ പെൻഷൻ | 649600 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 90000 | 3 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2019 ,3 -PMന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 41567/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | ലഭ്യമല്ല | | |
| അക്കൗണ്ടന്റ് ജനറൽ | 25.02.19 മുതൽ 08.03.19 വരെ. | 2013-14 മുതൽ 2017-18 വരെ | 05.04.2019 |

## 1-10 ആഭ്യന്തരനിയന്ത്രണം.

മുൻവർഷത്തെ ഓഡിറ്റ് റിപ്പോർട്ടിനെതുടർന്ന് പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കിയത് വി.ഇ.ഒ ഓഫീസിന് മുന്നിലുള്ള വെള്ളക്കെട്ട് ഒഴിവാക്കിയത് എന്നിവ ശ്രദ്ധേയവും അഭിനന്ദനീയവുമായ കാര്യങ്ങളാണ്.ഓഡിറ്റ് എൻക്വയറികൾക്ക് മറുപടി നൽകുന്നതിൽ കാണിച്ച സമീപനവും നല്ലതാണ്. മുൻവർഷത്തെ ഓഡിറ്റിൽനിന്നും വ്യത്യസ്തമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണം നടത്തിയ പ്രൊജക്ടുകളിൽ ആവശ്യമായ രേഖകൾ സൂക്ഷിച്ചുവെച്ചിട്ടുള്ളതും ഓഡിറ്റിനോടുള്ള ക്രിയാത്മകമായ സമീപനമാണ്,ഗ്രാമപഞ്ചായത്തിലെ ഓരോ ഉദ്യോഗസ്ഥരും ചെയ്യേണ്ട ജോലികൾ സംബന്ധിച്ച് സ്പഷ്ടമായ കാര്യാലയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതുമാണ്. ഗ്രാമസഭാ മിനിറ്റ്സുകളെല്ലാം ആധികാരികമായി തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. ഗ്രാമസഭാ യോഗങ്ങളിൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച ചെയ്യാത്ത അവസ്ഥ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്.ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

## 1-11 വാർഷിക കണക്കിലെ അപാകതകൾ

1.വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ് ))

2.വസ്തു നികതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്.വസ്തുനികതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്,കളക്ഷൻ,നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും , ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

<u>2.1 തൻവർഷം</u>

2.1.1 റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1474348 | 1447439 | 43449 | ഓരോ വാർഡിലും മുൻകൂർ അടക്കം കളക്ഷൻ ക്രമീകരിക്കുമ്പോൾ ആകെ ബാലൻസ് കിട്ടേണ്ടത് 'zero' വും 16540 അധിക കളക്ഷനും ആണ്. എന്നാൽ സഞ്ചയയിൽ ബാക്കി 227 ബാലൻസും തൻവർഷ advance കളക്ഷൻ 16073 രൂപ അടുത്ത വർഷത്തേക്ക് adjust ചെയ്യാനുള്ളതായും കാണിച്ചിരിക്കുന്നു. കൂടാതെ മുൻ |

| | | | | |
|---|---|---|---|---|
| | | | | വർഷങ്ങളിലേതടക്കം 470308 രൂപ advance കളക്ഷൻ adjust ചെയ്യാനു-ള്ളതായും കാണി-ച്ചിട്ടുണ്ട്. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1774348 | 1442999 | 4795 | *'zero' രൂപ ബാലൻസ്. യഥാർത്ഥത്തിൽ വരേണ്ട ബാലൻസ് 326554 രൂപ<br>RP 36 പ്രകാരം 17278 advance collection വരവും ഉണ്ട്. എന്നാൽ b9 പ്രകാരം adv. collection 16702 രൂപ(സഞ്ചയയുമായി പൊരുത്തപ്പെടുത്തി) ആയാണ് കാണിച്ചിരിക്കുന്നത് |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * ഇല്ല<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

2.1.2 നോൺ-റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 610337 | 591899 | 15593 | ബാക്കി 12241 രൂപ കിട്ടാനുള്ള ബാലൻസ് ആയി കാണിച്ചിരിക്കുന്നു. 17020 രൂപ അടുത്തവർഷത്തേക്ക് collection adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് . ഗണിത ക്രിയ പ്രകാരം വരേണ്ടത് 2845 ബാലൻസ് വ്യത്യാസം 9396 (വാർഡ് തിരിച്ച് കണക്കാക്കുമ്പോൾ 8215ബാലൻസും 5370 അധിക കളക്ഷനും വരേണ്ടതാണ് ). 4026രൂപ ബാലൻസിലും രൂപ 11650 കളക്ഷനിലും കൂടുതലായി വ്യത്യാസം കാണിക്കുന്നു.~ മുൻവർഷങ്ങളിലേ തടക്കം 109050 രൂപ collection ബാലൻസ് adjust ചെയ്യാനുള്ളതായും കാണിച്ചിട്ടുണ്ട് |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 610337 | 577256 | 351 | *32730 ആകെ ബാലൻസ് വരുന്നതിനു പകരം 12241 കാണിക്കുകയും(കുറവ് 20489 രൂപ) b-9 പ്രകാരം 17807 രൂപ adv. collection (സഞ്ചയയുമായി പൊരുത്തപ്പെടുത്തി ആയാണ് കാണിച്ചിരിക്കുന്നത്<br>RP 36 ൽ adv collection ഇല്ല |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്,ഷെഡ്യൂൾ ഐ-1) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | *( 12854 /105X100)=12241<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.2 കുടിശ്ശിക</u>

2.2.1 റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്വെയർ പ്രകാരം | 1436 | 1003 | 671 രൂപ ബാലൻസ് കാണിച്ചിരിക്കുന്നു.വരേണ്ടിയിരുന്ന ബാലൻസ് തുക 659 . അധിക കളക്ഷൻ 235 രൂപ. |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | ഇല്ല | ഇല്ല | ഇല്ല. |
| | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)2017-18 വാർഷിക | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | **(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

| | | | |
|---|---|---|---|
| | ധനകാര്യ പത്രിക | | |

2.2.2 നോൺ-റെസിഡൻഷ്യൽ

| - | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 25249 | 20839 | 12275 അരിയർ ബാലൻസ് കാണിച്ചിട്ടുണ്ട്.അധിക കളക്ഷൻ 7865 രൂപ |
| | 24241 | 12000 | * 12241 ബാലൻസ് വരുന്നതിന് പകരം 12280 അരിയർ ബാലൻസ് കിട്ടാനുള്ളതായി കാണിച്ചിരിക്കുന്നു.വ്യത്യാസം 41 രൂപ അരിയർ ഡിമാന്റ് കുറവ് വരുത്തിയിരിക്കുന്നു |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>(19153+6300=25453/105*100) | (റസീറ്റ് &പേയ്മെന്റ് പത്രിക ,ഷെഡ്യൂൾ ആർ.പി-43) | * ( 12894 /105X100)=12280<br>(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>2.3ലൈബ്രറി സെസ്സ് (തൻവർഷം +കടിശ്ശിക)</u>

| - | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീകരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | തൻ വർഷം | കുടിശ്ശിക | ആകെ | | | | |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസിഡൻഷ്യൽ | 75316 | 85 | 75401 | 73578 | 51 | 73629 | 2367 | | ബാ-ലൻസ് 12. അധിക കളക്ഷൻ 629 (യഥാ-ർത്ഥ ബാലൻസ് വരേണ്ടത് 629 രൂപയും അധിക കളക്ഷനായി വരേണ്ടത് ‘0’ രൂപയും) | 43. (വരേണ്ടത് 44 അധിക കളക്ഷൻ 12) | ബാ-ലൻസ് ഗണിത പ്രകാരം വരേണ്ടത് 55 വന്നിരി-ക്കുന്നത്. അധിക കളക്ഷൻ 629. യഥാർത്ഥ-ത്തിൽ വരേണ്ട ബാലൻസ് 673. അധിക കളക്ഷൻ 12 രൂപയും |
| നോൺ-റെസിഡൻഷ്യൽ | 31193 | 1269 | 32462 | 29944 | 1041 | 30985 | 827 | | ബാലൻസ് 613 അധിക കളക്ഷൻ 787 (യഥാർത്ഥ ബാലൻസ് വരേണ്ടത് 549 രൂപയും അധിക കളക്ഷനായി വരേണ്ടത് 127 രൂപയും) | 619. വരേണ്ടത് 617. അധിക കളക്ഷൻ 393. | ബാലൻസ് 1228 അധിക കളക്ഷൻ 787 (യഥാർത്ഥ ബാലൻസ് വരേണ്ടത് 1166 രൂപയും അധിക കളക്ഷനായി വരേണ്ടത് 520 രൂപയും) | |
| ആകെ | | | 107863 | | | 104614 | 3194 | | 1228 ബാലൻസ് പിരിഞ്ഞു കിട്ടാനുള്ളതായും 1416 Adv.collection കാണിച്ചിരിക്കുന്നു. (യഥാർത്ഥ ബാലൻസ് വരേണ്ടത് 1839രൂപയുംഅധിക കളക്ഷനായി വരേണ്ടത് 532 രൂപയും) | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 105447 (സഞ്ചയയുമായി 8709 ഡിമാന്റിൽ കുറവ്) | | | 103367 | | | | | 2080 വരുന്നതിനു പകരം 1228 ആണ് B-15 പ്രകാരംവന്നിട്ടുള്ളത് (ഗണിത പ്രകാരം വരേണ്ടത് 25748/105x5)=1226) | | |
| 1213+ 2084687*5/100 =104234 (current LC ) (2017-18ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ, ബി-15, 431910101-State govt. Cess/levies ലെഡ്ജർ 2017-18+current Year LC from I-1 2018-19) | | | (റസീറ്റ് &പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36 (വരവ്)) | | | | (431910101 -State govt. Cess/levies ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | | | |

2.4."സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു.ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ് ) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്‌വെയറിൽ കണക്കാക്കപ്പെടുന്നില്ല.(ഉദാ:.2.1.1,2.1.2,2.2.1,2.2.2, 2.3 എന്നി ഖണ്ഡികകളിലെ പട്ടികകൾ).

2.5 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികതി ഉൾപ്പെടെയുള്ള,അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻടി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.2018-19 വർഷത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിൽ പുതിയ കെട്ടിടങ്ങൾക്ക് കെട്ടിടനികതി ചുമത്തിയിട്ടുണ്ട്.എന്നാൽ 2018-19 ലെ “110100101-Property tax on residential buiding”എന്ന ശീർഷകത്തിലേയും “110100103-Property tax on non residentialbuiding” എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 2 രവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു.(1.4.18)ഈ ഡിമാന്റ് എൻട്രികൾക്കും സാധൂത നല്കുന്ന വൌച്ചറുകളും ഇല്ല. “സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്.ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ ,എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു.ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും ,ഡിമാന്റ് എൻട്രികൾക്ക് സാധൂത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

2.6 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 103367 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 107808(104614+3194(adv.adj) രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്.എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല

2.7 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 4795 | 43449 |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 351 | 15593 |

2.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 30/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്.ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൌച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues -Property tax on Residential building | 4195 | 1436(അരിയറിലേക്ക് ഡിമാന്റായി adjust ചെയ്തു.) |
| 2 | 350410104-Advance collection of revenues -Property tax on Non-Residential building | 351 | 13521(advanceവർദ്ധിപ്പിച്ച adjust ചെയ്തു) |

2.9.തൻവർഷത്തെയും മുൻവർഷത്തേയും വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൌണ്ട് പരിശോധിച്ചു.അതിൽ താഴെ പറയും പ്രകാരം രൂപ കാഷ് ആയോ ബാങ്ക് മുഖേനയുള്ള വരവായി ലഭിച്ചതല്ല എന്നും "Prior period items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൌച്ചർ മുഖേന വർദ്ധിപ്പിച്ചതായും കുറവ് ചെയ്തതായും കാണുന്നു.ഇപ്രകാരം ജേണൽ വൌച്ചർ മുഖേന വർദ്ധനവ്/കുറവ് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൌച്ചറുകളും,വർക് ഷീറ്റുകളും,നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ്/കുറവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.ഇപ്രകാരം വർദ്ധനവ്/കുറവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

2.9.1 റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തുക |
|---|---|---|
| 1 | 418004276 | 1436(അരിയർ ഡിമാന്റ് പ്രയർ പിരീഡ് വഴി വർദ്ധനവ് നടത്തി) |
| 2 | 41800280 | 53159(cuurent balance പ്രയർ പിരീഡ് വഴി LC യിലേക്ക് adjust ചെയ്തു) |
| | ആകെ | |

2.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800283 | 313.19 | 13521( ഡിമാന്റ് പ്രയർ പിരീഡ് വഴി വർദ്ധനവ് വരുത്തി adjust ചെയ്തു) |
| 2 | 41800280 | 31.3.19 | 2830 residence ൽ നിന്ന നേൺ റസിഡൻഷ്യൽ ലേക്ക് അഡ്വാൻസ് മാറ്റി സഞ്ചയ ക്കനസരിച്ച് adjust ചെയ്തു |
| 3 | 41800281 | 31.3.19 | 1105( residence ൽ നിന്ന നേൺ റസിഡൻഷ്യൽ ലേക്ക് അഡ്വാൻസ് മാറ്റി സഞ്ചയ ക്കനസരിച്ച് adjust ചെയ്തു |
| 4 | 41800478 | 31.3.19 | 1009( പ്രയർ പിരീഡ് വഴി അരിയർ ഡിമാന്റ് വർദ്ധിപ്പിച്ചു) |
| 5 | 41800475 | 31.3.19 | 14432(കറന്റ് ഡിമാന്റ് വർദ്ധിപ്പിച്ചു) |
| 6 | 41800475 | 31.3.19 | 874 (കറന്റ് ഡിമാന്റ് വർദ്ധിപ്പിച്ചു) |
| 7 | 41800479 | 31.3.19 | *51420 ലൈബ്രറി സെസ്സ് സഞ്ചയ adjustment) |

3.2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ് മെന്റ്,അസസ്സ്മെന്റ് രജിസ്റ്റർ,അസസ്സമെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്.(കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ,ചട്ടം 17(2)) .പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൌച്ചർ,വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്.എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ നടപ്പിലാക്കിയിട്ടുണ്ട്.(വസ്തുനികുതിയുടെ വിവരങ്ങൾ ഖണ്ഡിക2.5.ൽ ചേർത്തിട്ടുണ്ട് )

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധൂത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

4.ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും ,വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും ,തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൌച്ചറുകളോ,രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ ,ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട് ,ഷെഡ്യൂൾ I-18) | 31/3/201 9ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 51723 |
| 280100104-Prior period income-Property tax on non residential buildings | 12512 |

5.കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൌണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.(പഞ്ചായത്ത് രാജ് അക്കൌണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൌച്ചറുകൾ ഉൾപ്പെടെ എല്ലാ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതി യിനത്തിലുള്ള പിരിവ്,ബാക്കി,മുൻകൂർ,കുടിശ്ശിക ഡിമാന്റ്,കുടിശ്ശിക പിരിവ്,കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും,ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും,മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൌച്ചറും സൂക്ഷിക്കുന്നില്ല.എല്ലാ ജേണൽ വൌച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൌച്ചറുകൾ,വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

6.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

7.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6,510,045 രൂപയാണ്.എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (239,937.00) രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൌണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

.

## 1-12 റഗുലറൈസേഷൻ ഫി അടവാക്കിയിട്ടില്ല;സങ്കേതം സോഫ്റ്റ് വെയർ അപാകത പരിഹരിക്കപ്പെടേണ്ടതാണ്

പെർമിറ്റ് എടുക്കാതെ റഗുലറൈസ് ചെയ്ത കെട്ടിടത്തിനു റഗുലറൈസേഷൻ ഫീ ഈടാക്കാതെ കെട്ടിട നമ്പർ അനുവദിച്ച് നൽകി.

ഫയൽ നം.3521/14.8.18 – സബീന സഗീർ പൊന്നാത്ത്-ഏരിയ 90.45m2 ,കെട്ടിട നം 5/76A -റഗുലറൈസേഷൻ ഫീ 815/- വസ്തുനികുതി-543/-രൂപ.റഗുലറൈസേഷൻ ഫീ , വസ്തുനികുതി എന്നിവ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

<u>സങ്കേതം -അപാകതകൾ</u>

1)പെർമിറ്റ് എടുക്കാതെയുള്ള കെട്ടിട നിർമ്മാണം ക്രമ വത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസിനോടൊപ്പം പെർമിറ്റ് ഫീസ് കൂടി ഈടാക്കണമെന്ന വ്യവസ്ഥ സോഫ്റ്റ് വെയറിൽ കണക്കാക്കപ്പെടുന്നില്ല.

2)സങ്കേതം സോഫ്റ്റ് വെയറിൽ പെർമിറ്റ് അപേക്ഷകളിൽ ഒന്നിൽ കൂടുതൽ തവണ ഫയൽ റിട്ടേൺ ചെയ്ത് പിന്നീട് വീണ്ടും സബ്മിറ്റ് ചെയ്ത് ഒടുവിൽ പെർമിറ്റ് അനുവദിക്കുമ്പോൾ കെട്ടിട നിർമ്മാണ എണ്ണം, ഫ്ലോർ എണ്ണം, ബിൽഡിംഗ് ഏരിയ, പെർമിറ്റ് ഫീ എന്നിവയിൽ മാറ്റം സംഭവിക്കുന്നുണ്ട് (സങ്കേതം ആപ്ലിക്കേഷൻ രജിസ്റ്റർ,സങ്കേതം പെർമിറ്റ് രജിസ്റ്റർ-ഉദാ. ഫയൽ A1 1491/2018, A1 4240/2018, A1 1367/2018).സങ്കേതം -സാംഖ്യ ഇന്റഗ്രേറ്റ് ചെയ്തിട്ടില്ലാത്തതിനാൽ നിലവിൽ സാഖ്യയിൽ ഫീ അടവാക്കുന്നതിൽ മേൽപറഞ്ഞ വ്യത്യാസമില്ല എങ്കിലും ഇന്റഗ്രേഷന് മുമ്പായി മേൽപ്പറഞ്ഞ ന്യൂനത പരിഹരിക്കേണ്ടതാണ്.

## 1-13 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയറുടെ മാന്വൽ രസീതുബുക്ക്,കാഷ്ബുക്ക്,പ്രൊജക്റ്റ് രജിസ്റ്റർ,എഗ്രിമെന്റ് രജിസ്റ്റർ,സെക്യൂരിറ്റി രജിസ്റ്റർ എന്നിവ പരിശോധിച്ചതു പ്രകാരം 2018-19 വർഷ കാലയളവിൽ പഞ്ചായത്തിൽ കരാറുകാരായി പ്രവർത്തിച്ച താഴെ പറയുന്ന 14 കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തടവാക്കിയിട്ടില്ല.

| പേര് | തുക |
|---|---|
| ആലി മുഹമ്മദ് ഇ ഐ | 2500 |
| എം എസ് സച്ചിൻ | 2500 |
| സി പി ബാബു | 2500 |
| ശിവദാസൻ എം എസ് | 2500 |
| പി എ സജീവൻ | 2500 |
| സി വി സിദ്ദാർത്ഥൻ | 2500 |
| മുഹമ്മദ് സഗീർ പി എ | 2500 |
| ആഷിഖ് | 2500 |
| ഷാജി കെ കെ | 2500 |
| സിദ്ദീഖ് വി എ | 2500 |
| സദാനന്ദൻ എൻ പി | 2500 |
| കാസിം പി എ | 2500 |
| എ വി ഉദയൻ | 2500 |
| രഞ്ജിത്ത് ടി | 2500 |
| അബ്ദുൾ ജലീൽ | 2500 |
| പ്രസൂൺ | 2500 |
| കെ എം ആലിക്കുഞ്ഞി | 2500 |
| സി വി ഷാൻ | 2500 |
| രാഹുൽ സി ആർ | 2500 |
| ആകെ | 47500 |

കൂടാതെ ARD ഷോപ്പുടമകളിൽ നിന്നും കള്ളുഷോപ്പുടമകളിൽ നിന്നും തൊഴിൽനികുതി അടവാക്കിയിട്ടില്ല.കേരള പഞ്ചായത്ത് രാജ് ചട്ടം 205 B പ്രകാരം തൊഴിൽ നികുതി ഡിമാന്റ് ചെയ്യാൻ നടപടി സ്വീകരിക്കേണ്ടതാണ്.മറ്റു പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ടെങ്കിൽ ആയതു അടവാക്കിയ രസീതു,റിട്ടേൺ സഹിതം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.
മേൽ അപാകത സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു മറുപടി ലഭ്യമാക്കിയിട്ടില്ല (അന്വേഷണങ്ങൾ- 2/14.11.19)

## 1-14 വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ്-സഞ്ചയ കെട്ടിട ഗണ പ്രകാരം ഡിമാന്റ് ചെയ്യുന്നില്ല

2018-19-വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ്,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ട താഴെ പറയുന്ന കെട്ടിടങ്ങൾക്ക് ലൈസൻസെടുത്തിട്ടില്ല

കെട്ടിട നം 2/54B,4/26,4/120,5/168A,5/198A,7/375A,7/51A,9/233,9/156,9/307,11/305,12/88,89

ഓഡിറ്റ് അന്വേഷണം 4/15.11.19 ന് മറുപടിയായി ഫീൽഡ് ക്ളർക്ക് സ്ഥല പരിശോധന നടത്തുകയും ലൈസൻസിനു നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.ലൈസൻസെടുത്ത വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

സഞ്ചയ ലിസ്റ്റിൽ ഉൾപ്പെട്ട 2/25,7/406A,7/410,12/211 എന്നീ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയതായി ബോധ്യപ്പെട്ടതിനാൽ കുടിശ്ശിക വിവരം പരിശോധിച്ച് ഫീൽഡ് വേരിഫിക്കേഷൻ റിപ്പോർട്ട് സഹിതം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിക്ക് അംഗീകാരത്തിനു സമർപ്പിക്കാവുന്നതാണ്.

കൂടാതെ ലിസ്റ്റിലുള്ള കെട്ടിടനം 1/357,2/68,2/137,4/217,4/234,4/237,5/31,6/1857/230,7/379,10/209,13/91,13/259,13/347 എന്നിവ ഓഫീസുകളായാണ് പ്രവർത്തിക്കുന്നത് എന്നു ബോധ്യപ്പെട്ടിട്ടുള്ളതിനാൽ മേൽകെട്ടിടങ്ങളെ സഞ്ചയയിൽ അപ്രകാരം നികുതി നിർണ്ണയം നടത്തി ഓഫീസ് ഗണത്തിലേക്ക് മാറ്റേണ്ടതാണ്.

## 1-15 വ്യവസായ ഗണത്തിലുൾപ്പെടുത്താതെ നികുതി നിർണ്ണയം

2018-19-വ്യവസായം,വാണിജ്യം,സംരഭകത്വം,മറ്റു സേവനങ്ങൾക്കുള്ള ലൈസൻസ് രജിസ്റ്റർ,ട്രേഡേഴ്സ് ലിസ്റ്റ്,സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റ് എന്നിവ പരിശോധിച്ചതിൽ വാണിജ്യ ലൈസൻസെടുത്ത താഴെ പറയുന്ന വ്യാവസായിക കെട്ടിടങ്ങൾ സഞ്ചയയിൽ നിന്നുള്ള വ്യവസായ സ്ഥാപനങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല.

കെട്ടിട നം 8/239,13/149,7/34,9/113B,/11/146,2/287,2/164,2/18,14/1,2,1/404,1/403,405,5/60,3/508,4/430,8/53,54,44,4/102,2/166,5/20c,11/9,9/231,7/353,5/21,14/31F,5/363A,10/156,4/431,13/222,223,8/419,3/234,235,13/72,4/12,3/513,513A,13/175,5/172,14/151,8/89,8/112,7/435,9/336,13/2

മേൽപ്പറഞ്ഞ 47 കെട്ടിടങ്ങൾ ഫീൽഡ് പരിശോധന നടത്തേണ്ടതും സുരക്ഷ മാനദണ്ഡങ്ങൾക്കനുസൃതമായി G1,G2,MIMSE എന്നീ വ്യവസായ ഗണങ്ങളിൽ ലൈസൻസ് അനുവദിക്കേണ്ടതും സഞ്ചയയിൽ വാണിജ്യ ഗണത്തിൽ നിന്നും മാറ്റി വസ്തുനികുതി പരിഷ്കരിക്കേണ്ടതുമാണ്.

## 1-16 വാടക-ലേലം അപാകതകൾ

<u>വാടക അപാകതകൾ</u>

1)2018-19 ൽ പഞ്ചായത്ത് ഷോപ്പിംഗ് കോംപ്ളക്സിലെ വാടകക്ക് പ്രവർത്തിക്കുന്ന 53 കെട്ടിടങ്ങളിൽ 38 സ്ഥാപനനടത്തിപ്പുകാരുമായി മാത്രമെ കരാർ വെച്ചിട്ടുള്ളു
കരാർ വെക്കാത്ത കടമുറികൾ
8/36,37,8/38,8/39,8/40,8/41,8/42,8/43,8/44,8/55E,8/53A,8/53E,8/53C,8/53T,8/53F.
കടകളുടെ ഡി ആന്റ് ഓ ലൈസൻസ് പുതുക്കിയിട്ടില്ല.
കെട്ടിടമുറി നം-8/36,37-പ്രസന്നൻ ചാണാടിക്കൽ എന്നിവരുടെ സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നത് ഓഡിറ്റ് പ്രാദേശിക പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുള്ളതാണ്.
2)കരാർ പുതുക്കാത്ത കരാറുകാരുമായി കേസ് നിലവിലുണ്ടെങ്കിൽ ആയതു സംബന്ധിച്ച ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയില്ല.
3)എല്ലാ കരാർ പത്രങ്ങളിലും 6 മാസത്തെ മുൻകൂർ ജാമ്യത്തുക എന്ന ബൈലോ പ്രകാരമുള്ള വ്യവസ്ഥ ,പിഴപ്പലിശ ശതമാനം (ബൈലോ സെക്ഷൻ 10 പ്രകാരമുള്ളത് ) എന്നിവ കൃത്യമായി ഉൾപ്പെടുത്തി കാണുന്നില്ല.
4)കെട്ടിടമുറി നം 4/500-ധനലക്ഷ്മി ബാങ്കുമായുള്ള കരാർ ഓഡിറ്റിനു ലഭ്യമാക്കിയില്ല. കഴിഞ്ഞവർഷത്തേക്കാൾ സ്ഥാപനത്തിന്റെ വാടകയിൽ 5% വർദ്ധിപ്പിച്ചിട്ടില്ല.
5)ലേല നടപടികൾ സമയ ബന്ധിതമായി നടപ്പിലാക്കാത്തതിനാൽ (തൻവർഷാരംഭം ഡിമാന്റ് ചെയ്ത കെട്ടിടങ്ങളിൽ പ്രവർത്തനമവസാനിപ്പിച്ചത് ) 40 മാസത്തോളം vacant period ആയതിനാൽ വരുമാനത്തിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്.
53 കെട്ടിടങ്ങൾ കൂടാതെ ലേലം ഇതുവരെ നടക്കാത്ത പുതിയ ഷോപ്പിംഗ് കോംപ്ളക്സ് കെട്ടിടങ്ങളുണ്ട്.ആയവയുടെ വിവരവും ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല.
(ഓഡിറ്റ് അന്വേഷണം 11/18.11.19)
<u>ലേലം അപാകതകൾ</u>
1)2018-19 ലേലം രജിസ്റ്ററിൽ ഡി സി ബി സംക്ഷിപ്തം എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല
2)വാർഷിക ധനകാര്യപത്രികയിൽ sale of waste Paper എന്നയിനത്തിൽ രജിസ്റ്ററുമായി 290/-രൂപ കുറവുണ്ട്.രജിസ്റ്റർ ,കളക്ഷൻ രസീത്(118080100301/23.4.18) എന്നിവ പ്രകാരം 6086 രൂപയാണ് യഥാർത്ഥ വരവ്.290/-രൂപ കുറവു വന്നത് വിശദമാക്കേണ്ടതാണ്
(ഓഡിറ്റ് അന്വേഷണം22/20.11.19)
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-17 വസ്തുനികുതി കുറവായി നിർണ്ണയിച്ചു

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ , 14.01.2011ലെ സ.ഉ.(അ) 19/2011/ത.സ്വ.ഭ.വ.നമ്പർ സർക്കാർ ഉത്തരവ്, ഗ്രാമ പഞ്ചായത്തിന്റെ വിജ്ഞാപനം എന്നിവ പ്രകാരം എടവിലങ്ങ് ഗ്രാമ പഞ്ചായത്തിലെ വാണിജ്യാവശ്യങ്ങൾക്കുള്ള (ഹോട്ടൽ, റസ്റ്റോറന്റ്, ഷോപ്പുകൾ, ഗോഡൗണുകൾ) കെട്ടിടങ്ങളുടെ അടിസ്ഥാന നികുതി നിരക്കുകൾ താഴെ കൊടുക്കുന്നു.

100ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ : 30/- രൂപ / ച.മീ.

100ച.മീറ്ററിനു മുകളിൽ 200ച.മീ. വരെ ആകെ തറ വിസ്തീർണ്ണമുള്ളവ: 50/- രൂപ / ച.മീ.

200 ച.മീറ്ററിനു മുകളിൽ ആകെ തറ വിസ്തീർണ്ണമുള്ളവ ഷോപ്പിംഗ് കോംപ്ളക്സ്/മാൾ,സൂപ്പർമാർക്കറ്റുകൾ: 70/- രൂപ / ച.മീ.

ചെറിയ തറ വിസ്തീർണ്ണത്തിൽ(100ച.മീ. താഴെ) തിരിച്ച ഷോപ്പ് റൂമുകളടങ്ങിയതും എന്നാൽ ആകെ തറ വിസ്തീർണ്ണം 100ച.മീറ്ററിനു മുകളിൽ വരുന്നതുമായ വിവിധ വാണിജ്യ കെട്ടിടങ്ങൾക്ക് അവയുടെ തറ വിസ്തീർണ്ണം മൊത്തമായി പരിഗണിക്കാതെയാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 200ചതുരശ്ര മീറ്ററിനു മുകളിൽ വരുന്നതും മുകളിൽ പരാമർശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ വിവിധ നമ്പറുകൾ അനുവദിച്ച റൂമുകളോടു കൂടിയ ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപ പരിഗണിക്കേണ്ടതിനു പകരം 30/- രൂപയാണ് കണക്കിലെടുത്തിരിക്കുന്നത്. ടി ഒറ്റക്കെട്ടിടത്തിന് നികുതി നിർണ്ണയിക്കുന്നതിലേക്ക് അടിസ്ഥാന നികുതി 70/- രൂപയാണെങ്കിലും പഞ്ചായത്ത് അത്തരത്തിലുള്ള ഒരു കെട്ടിടത്തിനു പോലും ഇപ്രകാരം നികുതി നിർണ്ണയം നടത്താതെ

മുകളിൽ പറഞ്ഞ പ്രകാരം ആണ് കണക്കാക്കിയിരിക്കുന്നത്. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(4) ൽ, ഒരു കെട്ടിടത്തിന്റെ തന്നെ വ്യത്യസ്ത ഭാഗങ്ങൾ (മുകൾ നിലകൾ ഉൾപ്പെടെ) വെവ്വേറെ വ്യക്തികളുടെ ഉടമസ്ഥതയിലാണെങ്കിലോ, ഒരാളിന്റെ ഉടമസ്ഥതയിലുള്ളതാണെങ്കിൽ തന്നെ തക്കതായ കാരണത്താൽ ആ കെട്ടിട ഭാഗങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലോ; ഓരോ ഭാഗത്തെയും വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി അവയ്ക്ക് ഓരോന്നിനും വസ്തു നികുതി ചുമത്തേണ്ടതാണെന്ന് പറയുന്നതിനാലാണ് ഇത്തരത്തിൽ ചെറിയ മുറികളായി തിരിച്ച ആകെ 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടങ്ങളുടെ വസ്തു നികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിക്കുന്നതിന് ഇടയാക്കുന്നതെന്ന് കരുതുന്നു. എന്നാൽ 2011ലെ ചട്ടങ്ങൾ നിലവിൽ വരുന്നതിനു മുമ്പ് തന്നെ വസ്തു നികുതി നിർണ്ണയിച്ച് നമ്പർ നൽകിയ കെട്ടിടങ്ങൾക്ക് തക്കതായ കാരണമുണ്ടെങ്കിൽ മാത്രം അവയെ പ്രത്യേകം കെട്ടിടങ്ങളായി കണക്കാക്കുന്നതിന് ഇളവ് നൽകുന്നത് സംബന്ധിച്ചാണ് ചട്ടം 3(4)ലെ പരാമർശമെന്നത് വ്യക്തമാണ്. ചട്ടം 4(1) പ്രകാരം ഓരോ ഇനം കെട്ടിടമായി പരിഗണിച്ച് ചട്ടം 5(2) അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കേണ്ടത് പുതിയ കെട്ടിടങ്ങൾക്ക് അനിവാര്യമാണ്. ചട്ടം 5(2) പ്രകാരം നികുതി നിർണ്ണയിക്കുന്നത് കൊണ്ട് വിവിധ റൂമുകൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണ്ണയിച്ച് പ്രത്യേകം നമ്പർ നൽകുന്നതിന് യാതൊരു തടസ്സവും നിലവിലില്ലാത്തതുമാണ്. ആയതിനാൽ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതു വഴി വൻ തോതിൽ നികുതി നഷ്ടം സംഭവിക്കുന്നു. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്ര.നം. | പേര് | വാർഡ് | കെട്ടിട നമ്പർ | ആകെ തറ വിസ്തീർണ്ണം ($m^2$) | ചുമത്തിയ നികുതി | ചുമത്തേണ്ടത് നികുതി @70 | | കുറവ് |
|---|---|---|---|---|---|---|---|---|
| 1 | ശ്രീ അബ്ദുൾ റാഷീദ് വാത്തിയേടത്ത് | VIII | 191- A | 30.712 | 1106 | (20% വർദ്ധനവ് +0% ഇളവ് ) | 2580 | 1474 |
| | | | 191- B | 19.662 | 708 | | 1652 | 944 |
| | | | 191- C | 19.662 | 708 | | 1652 | 944 |
| | | | 191- D | 19.662 | 708 | | 1652 | 944 |
| | | | 191- E | 33.582 | 1209 | | 2351 | 1142 |
| | | | 191- F | 30.712 | 1051 | | 2150 | 1099 |
| | | | 191- G | 19.662 | 673 | | 1376 | 703 |
| | | | 191- H | 19.662 | 673 | | 1376 | 703 |
| | | | 191- J | 19.662 | 673 | | 1376 | 703 |
| | | | 191- K | 25.077 | 858 | | 1755 | 897 |
| | | | 191-L | 42.81 | 1542 | | 2997 | 1455 |
| | | | ആകെ | 280.853 | 9909 | | 20917 | 11008 |

ആകെ നഷ്ടം =11008

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (നമ്പർ 17/19.11.19)ക്ക് മറുപടി ലഭിച്ചിട്ടില്ല. 200ച.മീറ്ററിൽ കൂടുതൽ തറവിസ്തീർണ്ണമുള്ളതും വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങൾക്ക് ടി.ചട്ടം 4(1), 5(2) എന്നിവയ്ക്കനുസൃതമായി 70/- രൂപ അടിസ്ഥാന നികുതി നിരക്കിൽ നികുതി നിർണ്ണയിക്കാതിരുന്നത് മൂലം വസ്തു നികുതി ഇനത്തിൽ11008 രൂപ നഷ്ടം നേരിട്ടു. നാളിതുവരെയുള്ള നഷ്ടത്തുക ഉത്തരവാദികളായവരിൽ നിന്ന് ഈടാക്കേണ്ടതും സമാനമായി കുറഞ്ഞ നിരക്കിൽ നിർണ്ണയം നടത്തിയ ഗ്രാമ പഞ്ചായത്തിലെ മുഴുവൻ വാണിജ്യ കെട്ടിടങ്ങളുടെയും വസ്തു നികുതി പുനർനിർണ്ണയം നടത്തി കുറവ് വന്ന നികുതി ഈടാക്കേണ്ടതും വിവരം ലഭ്യമാക്കേണ്ടതുമാണ്.

## 1-18 വിമുക്ത ഭടൻമാരുടെ നികുതിയിളവ്-അപാകതകൾ

വിമുക്ത ഭടൻന്മാർക്ക് വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് വിമുക്ത ഭടന്മാരുടെ അപേക്ഷകൾ, സഞ്ചയയിൽ നിന്നുള്ള 2018-19 ലെ വസ്തു നികുതി ഒഴിവാക്കി നൽകൽ ലിസ്റ്റ്, ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1)വാർഡ് ക്ലർക്ക് പരിശോധന റിപ്പോർട്ട് തയ്യാറാക്കുകയോ ഇതു സംബന്ധിച്ച് ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റിയിൽ വെച്ച് അംഗീകാരം വാങ്ങുകയോ ചെയ്തിട്ടില്ല.

2)അപേക്ഷ പ്രകാരം ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ സമർപ്പിക്കാതെ, സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭിക്കാതെ രജിസ്റ്ററിൽ ചേർത്തിട്ടുള്ള 26 വിമുക്തഭടൻമാരിൽ 9 പേരുടെ സത്യവാങ്ങ് മൂലം മാത്രമേ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടുള്ളൂ. നികുതി ഒഴിവാക്കിയയിനത്തിൽ ആകെ കെട്ടിടങ്ങളുടെ നികുതി തുക രേഖപ്പെടുത്തിയിട്ടില്ല.ഇതു സംബന്ധിച്ച് പെർഫോർമൻസ് ഓഡിറ്റ് സൂപ്പർവൈസർ പരിശോധന നടത്തുകയോ പരിശോധനാകുറിപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ ചെയ്തതായി കാണുന്നില്ല.

3)അപേക്ഷകൾ പരിശോധിച്ചതിൽ പെൻഷൻബുക്ക്/ഡിസ്ചാർജ്ജ് ബുക്കിൽ തദ്ദേശ സ്വയം ഭരണമേധാവികൾ വസ്തുനികുതി ഇളവ് അനുവദിച്ച കൊണ്ട് ഉത്തരവ് നം/തീ. എന്നിവ രേഖപ്പെടുത്തി സ്ഥാപനമുദ്ര പതിപ്പിച്ച നൽകിയതായി കാണുന്നില്ല.

4)14/166 -ഷീജ നെടിയിരിപ്പിൽ (വിധവ) w/o പ്രേമാനന്ദ് നെടിയിരിപ്പിൽ എന്നവരുടെ അപേക്ഷയിൽ ടിയാൾ പ്രേമാനന്ദ് General Reserve Engineering Force വിഭാഗത്തിൽ UDC ആയി വിരമിച്ചതാണ്.ടി വിഭാഗം പാരമിലിറ്ററിയിൽ ഉൾപ്പെടുന്നതിനാൽ ആനുകൂല്യത്തിനർഹമല്ല.ആയതിനാൽ ടിയാന്റെ നികുതി അടവാക്കേണ്ടതാണ്
5)കെട്ടിട നം 6/301-ചന്ദ്രിക ,ഉണ്ണിപറമ്പത്ത് കണിച്ചുകുളത്ത്( ഏരിയ രേഖപ്പെടുത്തിയിട്ടില്ല) -185.9 m2 നം മുകളിൽ ഏരിയ -അധികമുള്ളതിനു നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.
6)താഴെ പറയുന്ന കെട്ടിട ഉടമകളുടെ ഉടമസ്ഥവകാശം മാറിയതു എന്നാണെന്ന വിവരം ലഭ്യമാക്കിയിട്ടില്ല.(2017-18 ലെ വിമുക്ത ഭടന്മാരുടെ വിവരം രജിസ്റ്ററിൽ ചേർത്തിട്ടില്ല.)
a)കെട്ടിട നമ്പർ 5/225-വ്യജിതൻ കൈതക്കാട്ട്(സുഗുതൻ കൈതക്കാട്ട് , 2016-17 ലെ രജിസ്റ്റർ എൻടി പ്രകാരം)
b)7/423-പ്രമദ പുല്ലാർക്കാട്ട്(P.R പവിത്രൻ ,2016-17 ലെ രജിസ്റ്റർ എൻടി പ്രകാരം)
ഉടമസ്ഥ അവകാശം ഭാര്യയുടെ പേരിലല്ലാതെ മാറുമ്പോൾ നികുതി ഈടാക്കേണ്ടതാണ്.ഉടമസ്ഥ അവകാശം സംബന്ധിച്ച ഫയൽ ഓഡിറ്റിനു ലഭ്യമാക്കിയില്ല.

പരിശോധന റിപ്പോർട്ടുകൾ തയ്യാറാക്കുമ്പോൾ ഓരോ അപേക്ഷകരുടെയും കെട്ടിട ഏരിയ വിവരം രേഖപ്പെടുത്തേണ്ടതാണ്. അധിക ഏരിയക്ക് നികുതി കണക്കാക്കേണ്ടതാണ്. അപേക്ഷകരുടെ സത്യവാങ്ങ് മൂലം, ജൂനിയർ സൂപ്രണ്ട്, സെക്രട്ടറി എന്നിവരുടെ സാക്ഷ്യപ്പെടുത്തലുകൾ, കമ്മറ്റിഅംഗീകാരം ലഭ്യമാക്കൽ എന്നിങ്ങനെ ഓരോ ഫയലുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ യഥാസമയം പാലിക്കപ്പെട്ടിട്ടില്ല.

വിമുക്ത ഭടൻമാരുടെ വസ്തു നികുതി ഇളവ് സംബന്ധിച്ച് സ. ഉ(കൈ) നം .106/17 ത.സ്വ.ഭ.വ തീ.26.5.17-ലെ നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

## 1-19 വേക്കൻസി റമിഷൻ അപാകത

.

വേക്കൻസി റമിഷൻ-വസ്തു നികുതിയിളവ് നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2018-19 ലെ വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനം(6,7/30.1.2019), വേക്കൻസി റമിഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1)അപേക്ഷകൾ സംബന്ധിച്ച ഫയൽ,സാക്ഷ്യപ്പെടുത്തിയ പരിശോധന കുറിപ്പ് എന്നിവ ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

ll)അംഗീകാരം വാങ്ങാതെ സഞ്ചയയിൽ നികുതി ഒഴിവാക്കിയത്

-കെട്ടിടനമ്പറുകൾ-4/511A to G-മാഹീൻ പാറേക്കാട്ട്
തീരുമാനം(7/30.1.2019) പ്രകാരം റമിഷൻ നൽകിയ കെട്ടിടങ്ങൾ(അപേക്ഷ തീയതി വിവരമില്ല)
കെട്ടിട നം-4/519D,521D,524D,525D-മാഹീൻ പാറേക്കാട്ട്

മേൽ കെട്ടിടങ്ങളുടെ നികുതിയിളവ് രേഖപ്പെടുത്തിയിട്ടില്ല. മുൻവർഷങ്ങളിലെ വിവരം രജിസ്റ്ററിൽ ലഭ്യമല്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.(ഓഡിറ്റ് എൻക്വയറി 19/20.11.19).അപേക്ഷകൾ നിശ്ചിത കാലയളവിൽ ലഭ്യമാക്കിയതിനു മാത്രം ഫീൽഡ് പരിശോധന റിപ്പോർട്ട്,കുടിശ്ശിക ഇല്ലായെന്ന പരിശോധന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ അടുത്ത സാമ്പത്തിക അർദ്ധവർഷത്തിലേക്ക് vacancy Remission അനുവദിക്കാവുന്നതാണ്.

## 1-20 പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾ സംബന്ധിച്ച്

പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തു നികുതി ഒഴിവാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്നുള്ള 2018-19-ലെ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഒഴിവാക്കിനൽകൽ ലിസ്റ്റ്, അംഗീകാരം സംബന്ധിച്ചുള്ള 6/7.2.18,15/8.5.18,4/30.1.19,24/20.8.18,13,14/7.2.19 എന്നീ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി മിനിറ്റ്സ് തീരുമാനങ്ങൾ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)രജിസ്റ്ററിൽ അതതു വർഷങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തി ആകെ ഒഴിവാക്കിയ നികുതി ചേർത്തു സാക്ഷ്യപ്പെടുത്തുന്നില്ല.അപേക്ഷകളിൽ ഫീൽഡ് പരിശോധന റിപ്പോർട്ട് തയ്യാറാക്കി സാക്ഷ്യപ്പെടുത്തേണ്ടതാണ്.സഞ്ചയയിൽ നിന്നു തൻവർഷം വരെയുള്ള പൊളിച്ചുമാറ്റിയ കെട്ടിടങ്ങളുടെ പ്രിന്റ് ഔട്ട് ചേർക്കുകയാണ് ചെയ്തിട്ടുള്ളത്.ഓഡിറ്റിനു ലഭ്യമാക്കിയ പ്രിന്റ് ഔട്ട്,രജിസ്റ്ററിൽ ചേർത്ത പ്രിന്റ് ഔട്ട് എന്നിവ പരിശോധിക്കുമ്പോൾ ഓരോ വ്യക്തിയുടെയും കെട്ടിട നം ഒരേ നം ആണെങ്കിലും വാർഡ് നം ൽ മാറ്റമുണ്ട്.ഒരേ കാലയളവിൽ എടുത്ത പ്രിന്റ് ഔട്ട് ആണെങ്കിൽ വ്യത്യാസത്തിനുള്ള കാരണം വ്യക്തമാക്കേണ്ടതാണ്.(കെട്ടിട നം,7/406~6/406,8/83~7/83,8/437~7/437,12/142~9/142,13/357~11/357,13/334~11-334,10/278~8/278)

2) ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ഇല്ലാതെ കെട്ടിട നമ്പർ 7/406,5/89,6/374,3/141,5/285,6/113മുതൽ 118 വരെ ,6/22മുതൽ -28വരെ എന്നിവ സഞ്ചയ യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

a)സഞ്ചയയിലുള്ള ,സാധൂകരിക്കാത്ത കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക അടവാക്കിയ വിവരം ഓഡിറ്റിനു ലഭ്യമാക്കിയിട്ടില്ല

മേൽ വസ്തുതകൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 20/20.11.19 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.അപാകതകൾക്ക് മറുപടി നൽകേണ്ടതും പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊളിച്ചുമാറ്റിയ കെട്ടിടങ്ങൾക്ക് കമ്മറ്റി സാധൂകരണം ലഭ്യമാക്കേണ്ടതുമാണ്.

## 1-21 വാർഡ്തല സാനിറ്റേഷൻ -ചെലവുരേഖകൾ ഹാജരാക്കിയില്ല. 40000/- രൂപ തടസ്സപെടുത്തുന്നു.

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ശുചീകരണം നടത്തുന്നതിനായി മെഡിക്കൽ ഓഫീസർക്ക് ചെക്ക് നം.2220890/5.9.18ന് പ്രകാരം 140000രൂപ നൽകിയിട്ടുണ്ട്. എന്നാൽ 5,7,8,9 എന്നീ വാർഡുകളിൽ സ്ക്രീൻ പ്രിന്റിംഗ് നടത്തി തുണി സഞ്ചികൾ നൽകുന്നതിനായി ഓരോ വാർഡിലും 10,000/- രൂപ വീതം ആകെ 40,000/- രൂപ ചെലവഴിച്ചതായി രജിസ്റ്ററിൽ രേഖപെടുത്തി കാണുന്നുണ്ടെങ്കിലും യഥാർത്ഥ ചെലവു രേഖകൾ, നിർമ്മിച്ച തുണി സഞ്ചികളുടെ എണ്ണം, വിതരണം ചെയ്തതിന്റെ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വാർഡ്തല സാനിറ്റേഷൻ കമ്മിറ്റിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ലായെന്നതിനാൽ ചെലവു തുക 40000/- രൂപ ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 1-22 മെഡിക്കൽ ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ അപാകതകൾ

1. അലോപതി മരുന്നുകൾ,ഷുഗർ സ്ട്രിപ്പുകൾ എന്നിവ പൂർണ്ണമായി ലഭിച്ചിട്ടില്ല.

മെഡിക്കൽ ഓഫീസർ പി.എച്ച്.സി. നടപ്പാക്കിയ പ്രോജക്റ്റ് നം. 57/19 പ്രകാരം അലോപ്പതി മരുന്നുകൾ വാങ്ങുന്നതിനു ബിൽ നം 23/18-19 തി .30.1.19 പ്രകാരം 65938 രൂപയും പ്രോജക്റ്റ് നം.54/19 പാലിയേറ്റീവ് കെയർ പദ്ധതി പ്രകാരം അലോപ്പതി മരുന്നുകൾ വാങ്ങുന്നതിന് ചെക്ക് നം 6678401 തി.23.2.19 പ്രകാരം 149999 രൂപയുമടക്കം ആകെ 215937 രൂപ കെ.എം.എസ്.സി.എൽ ന് നൽകിയിട്ടുണ്ടെങ്കിലും 19368 രൂപയുടെ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ലായെന്നു കണ്ടു. കൂടാതെ പ്രോജക്റ്റ് നം.83/19 പ്രകാരം പ്രമേഹരോഗ പരിശോധനയ്ക്കുള്ള ഗ്ലൂക്കോസ് സ്ട്രിപ്പുകൾ വിതരണം ചെയ്യുന്നതിന് ബിൽ നം 24/18-19 തീ.11.2.19 പ്രകാരം 29767 രൂപ നൽകിയിട്ടുണ്ടെങ്കിലും സ്ട്രിപ്പുകളും ലഭിച്ചിട്ടില്ല. ഇവ എത്രയും വേഗം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കാരുണ്യ ഫാർമസിയിൽ നിന്നും മരുന്നുകൾ ലഭിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുന്നതിനായി കൊടുങ്ങല്ലൂർ ജൻ ഔഷധിയിൽ നിന്നും വിവിധ തിയതികളിൽ മരുന്നുകൾ വാങ്ങിയിട്ടുണ്ടെങ്കിലും യഥാർത്ഥ ടാക്സ് ബില്ലുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരത്തിൽ മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച് പാലിയേറ്റീവ് കമ്മിറ്റി തീരുമാനമെടുത്തതായി മിനിറ്റ്സിൽ രേഖപെടുത്തി കാണുന്നില്ല. യഥാർത്ഥ ടാക്സ് ബില്ലുകൾ ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

2. മാമോഗ്രാം നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭ്യമാക്കണം.

പ്രോജക്റ്റ് നം. 58/19 പ്രകാരം ക്യാൻസർ രോഗ നിർണയക്യാമ്പ് നടത്തിയതിന്റെ ഭാഗമായി തെരഞ്ഞെടുത്ത 84 പേർക്ക് മാമോഗ്രാം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ബിൽ നം. 11/18-19/24.11.18 പ്രകാരം 50000 രൂപ കൊടുങ്ങല്ലൂർ താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് സൂപ്രണ്ടിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ ഗുണഭോക്താക്കൾ മാമോഗ്രാം നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3. പദ്ധതി നിർവ്വഹണം മോണിറ്ററിംഗ് ഉറപ്പു വരുത്തണം.

പാലിയേറ്റീവ് കെയർ, ലാബിലേക്ക് റീ ഏജന്റുകൾ വാങ്ങൽ എന്നിങ്ങനെ പദ്ധതികളിൽ വാങ്ങിയ ഇനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപെടുത്തിയതായി കാണുന്നില്ല. സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ വിവിധ പദ്ധതികളുടെ മോണിറ്ററിംഗ് റിപ്പോർട്ടുകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. പദ്ധതികൾ കാര്യക്ഷമമായും സമയബന്ധിതമായും നടപ്പാക്കുന്നുവെന്ന് ഉറപ്പു വരുത്താൻ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തേണ്ടതും റിപ്പോർട്ട് ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

## 1-23 തുല്യതാ പരീക്ഷ തുടർ നിരീക്ഷണം ഉറപ്പാക്കണം.

പദ്ധതി നം. 19/19 പ്രകാരം ഹെഡ്മിസ്ട്രസ് ജി.എൽ.പി.എസ്. എടവിലങ്ങ് നടപ്പാക്കിയ 10ാം ക്ലാസ് തുല്യതാ പഠനത്തിനായി 21 വിദ്യാർത്ഥികൾക്ക് 1750 രൂപ നിരക്കിൽ 36750 രൂപ ബിൽ നം. 11/18-19/20.3.19 പ്രകാരവും22പേർക്ക് പ്ലസ് വൺ തുല്യതക്കും 15 പേർക്ക് പ്ലസ് ടു തുല്യതക്കും ആയി 2200 രൂപ നിരക്കിൽ 81400 രൂപ ബിൽ.നം. 10/18-19/20.3.19 പ്രകാരവും ആകെ 118150 രൂപ സാക്ഷരതാ മിഷനിൽ അടവാക്കിയിട്ടുണ്ട്. ടി ഗുണഭോക്താക്കളുടെ അഡ്മിഷൻ ടിക്കറ്റുകൾ മാത്രമാണ് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മേൽ ഗുണഭോക്താക്കൾ പരീക്ഷയെഴുതി തുല്യത നേടിയെന്ന് ഉറപ്പാക്കേണ്ടതാണ്. ഇക്കാര്യത്തിൽ തുടർ നിരീക്ഷണം ഉറപ്പു വരുത്തേണ്ടതാണ്.

## 1-24 സ്ത്രീ പദവി പഠനം പദ്ധതി ലക്ഷ്യം നേടിയില്ല.

ഗ്രാമപഞ്ചായത്തിലെ ജാഗ്രതാ സമിതി തുടർ പ്രവർത്തനത്തിന്റെ ഭാഗമായി പ്രോജക്റ്റ് നം. 155/19 പ്രകാരം 75952 രൂപ വകയിരുത്തിയിരുന്നു. ജാഗ്രതാ സമിതിയുടെ കാര്യക്ഷമമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനായി ഒരു കമ്മ്യൂണിറ്റി വുമൺ ഫസിലിറ്റേറ്ററെ ഗ്രാമപഞ്ചായത്ത് നിയമിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി സ്ത്രീപദവി പഠനം നടത്തുന്നതിനായി ട്രഷറി ബിൽ നം. 10/18-19/28.11.18 പ്രകാരം 4300 രൂപ ചെലവഴിച്ച് ചോദ്യാവലി പ്രിന്റ് ചെയ്യുകയുണ്ടായി. എന്നാൽ സർവ്വെ നടത്തി അടിസ്ഥാന വിവരശേഖരണം നടത്തി പ്രായോഗിക പ്രശ്നങ്ങൾ കണ്ടെത്തുന്നതിനോ, തുടർ പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനോ നാളിതു വരെ സാധിച്ചതായി കാണുന്നില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതു സംബന്ധിച്ച് മോണിറ്ററിംഗ് നടത്തി കാണുന്നില്ല. പദ്ധതി പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-25 അംഗൻവാടി ഹെൽപർമാർക്ക് അധിക ഹോണറേറിയം. ചെലാൻ ഹാജരാക്കിയില്ല. തുക തടസ്സപെടുത്തുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നടപ്പാക്കിയ പദ്ധതി നം.31/19 പ്രകാരം അംഗൻവാടി വർക്കർമാർക്കും ഹെൽപർമാർക്കും അധിക ഹോണറേറിയം നൽകുന്നതിനായി 25.7.18 ലെ സ.ഉ.(സാ)6345/18.ധന ഉത്തരവ് പ്രകാരം 504000 രൂപ പ്ലാൻ ഫണ്ടിൽ നിന്നും 2235-02-102-05 deduct Amount transferred from development fund towarrds honorarium and allownces of anganwadi workers and helpers (NP) എന്ന ശീർഷകത്തിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് നിർദ്ദേശിച്ചിരുന്നു. 7.11.18 ലെ ബിൽ നം. 7/18-19 പ്രകാരം തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുന്നതിന് ബിൽ സമർപ്പിച്ചതായി കാണുന്നു. എന്നാൽ അസ്സൽ ചെലാൻ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇക്കാര്യത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് അറിവില്ലായ്മ മൂലം അസ്സൽ ചെലാൻ ട്രഷറിയിൽ സമർപ്പിച്ചതായാണ് ഐ.സി.ഡി.എസ്.സൂപ്പർവൈസർ മറുപടി നൽകിയത്. അസ്സൽ ചെലാൻ/ സർട്ടിഫിക്കറ്റ് ഓഫ് റെമിറ്റൻസ് ഹാജരാക്കുന്നതു വരെ ചെലവു തുക 504000 ഓഡിറ്റിൽ തടസ്സപെടുത്തുന്നു.

## 1-26 പൂരകപോഷകാഹാര വിതരണം, വയോജനങ്ങൾക്ക് കട്ടിൽ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തിയില്ല.

പ്രോജക്റ്റ് നം. 30/19 പ്രകാരം പൂരകപോഷകാഹാര വിതരണത്തിനായി ബിൽ നം 805/9.7.18 പ്രകാരം 392426 രൂപ പിൻവലിച്ചതിൽ അംഗൻവാടികളിൽ വിതരണം ചെയ്യുന്നതിനായി31.5.18 ലെ സപ്ളൈ ഓർഡർ നം. 18139 പ്രകാരം 136158 രൂപയുടെ ഭക്ഷ്യ വസ്തുക്കൾ അംഗൻവാടികളിൽ വിതരണം ചെയ്തതായി അംഗൻവാടി വർക്കർമാരുടെ അക്വിറ്റൻസ് ഹാജരാക്കിയിട്ടുണ്ടെങ്കിലും ഐ.സി.ഡി.എസിന്റെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് എൻട്രി നടത്തിയിട്ടില്ല. ഇതേ രീതിയിൽ വൃദ്ധർക്ക് കട്ടിൽ വിതരണം നടത്തുന്ന പദ്ധതി നം. 33/19 പ്രകാരം മൂന്നു ലക്ഷം രൂപ ചെലവഴിച്ച് കീർത്തി ഫർണീച്ചർ എന്ന സ്ഥാപനത്തിൽ നിന്നും 88 കട്ടിൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തിയിട്ടില്ല. പദ്ധതി പ്രകാരം വിതരണം ചെയ്യുന്ന മുഴുവൻ ഇനങ്ങളും മെയിൻസ്റ്റോക്ക് രജിസ്റ്ററിൽ എൻട്രി നടത്തി സാക്ഷ്യപെടുത്തി സൂക്ഷിക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-27 ഹരിതകർമ്മസേനവഴി പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം-പ്രവർത്തനം കാര്യക്ഷമമാക്കണം.

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ കാര നടപ്പാക്കിയ പ്രോജക്റ്റ് നം. 112/19 പ്ലാസ്റ്റിക് മാലിന്യ ശേഖരണം വയബിലിറ്റി ഗ്യാപ് ഫണ്ടിനായി 150000 രൂപ വകയിരുത്തിയിരുന്നവെങ്കിലും 5190 രൂപ മാത്രമാണ് സാമ്പത്തിക വർഷത്തിൽ ചെലവഴിച്ചിട്ടുള്ളത്.

പ്ലാസ്റ്റിക് മാലിന്യ ശേഖരണം, സംസ്കരണം എന്നിവയക്കായി 12.3.18 ലെ ഭരണ സമിതി തീരുമാനം 1(10) പ്രകാരം 10 പേരടങ്ങുന്ന ക്ലീൻ ജെ.എൽ.ജി ഗ്രൂപ്പിനെ തെരഞ്ഞെടുക്കുകയും 22.3.18 ലെ 27(6) തീരുമാന പ്രകാരം യൂസർഫീ ഹരിതസേനാംഗങ്ങളുടെ പ്രതിദിന വേതനം എന്നിവ നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. ഹരിതസേനയുടെ പ്രവർത്തനം 2019 ഫെബ്രുവരി മാസത്തിൽ ആരംഭിച്ചതായും രസീത് ബുക്കുകൾ, ഐഡന്റിറ്റി കാർഡ് എന്നിവക്കായി 5190 രൂപ ചെലവഴിച്ചതായും കണ്ടു.നിലവിൽ 3050 ചാക്കുകളിലായി പ്ലാസ്റ്റിക് മാലിന്യം ശേഖരിക്കുകയും 2500 ചാക്ക് പ്ലാസ്റ്റിക് ഷ്രെഡിംഗ് നടത്തി സൂക്ഷിച്ചതായും കണ്ടു. നിലവിൽ പ്ലാസ്റ്റിക് കൈമാറുന്നത് 30.9.19 ലെ ഭരണസമിതി 30(1) ആയി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഇക്കാര്യത്തിൽ ക്ലീൻ കേരളയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. നാളിതു വരെ യൂസർഫീ ഇനത്തിൽ 68,670 രൂപ പിരിച്ചെടുക്കുകയും 123420 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

പ്ലാസ്റ്റിക് മാലിന്യം കയ്യൊഴിയുന്നത് സംബന്ധിച്ച് ക്ലീൻ കേരളയുമായി കരാറിൽ ഏർപ്പെടാൻ സാധിക്കാത്ത സാഹചര്യത്തിലും, സർക്കാർ നിർദ്ദേശിച്ചിരുന്നതു പ്രകാരം ബ്ലോക്ക് തലത്തിൽ പ്ലാസ്റ്റിക് ശേഖരണ/സംസ്കരണ സംവിധാനം നിലവിലില്ലാത്തതിനാലും ശേഖരിച്ചതും ഷ്രെഡിംഗ് നടത്തിയതുമായ പ്ലാസ്റ്റിക് ഒഴിവാക്കുന്നത് സംബന്ധിച്ച് നിലവിൽ വ്യക്തത ഇല്ലാത്ത സാഹചര്യം ഗ്രാമപഞ്ചായത്തിൽ നിലവിലുണ്ട് എന്നതിനാൽ കാര്യക്ഷമമായ നടപടികൾ സ്വീകരിച്ച് മാലിന്യ സംസ്കരണ പ്രവർത്തന തുടർച്ച ഉറപ്പുവരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-28 ലൈഫ് പദ്ധതി പൂർത്തീകരിക്കണം.

ഗ്രാമപഞ്ചായത്തിലെ ലൈഫ് പദ്ധതിയിലുൾപ്പെട്ട ജനറൽ, എസ്.സി വിഭാഗത്തിലെ ഗുണഭോക്താക്കളിൽ മുഴുവൻ പേരും ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. മാത്രമല്ല നിർമ്മാണം പൂർത്തീകരിച്ച മുഴുവൻ പേർക്കും തുക നൽകാൻ സാധിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | ജനറൽ | എസ്.സി | ആകെ |
|---|---|---|---|
| ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം എണ്ണം | 149 | 10 | 159 |
| അർഹരായവരുടെ എണ്ണം | 64 | 2 | 66 |
| കരാറിലേർപ്പെട്ടവരുടെ എണ്ണം | 63 | 2 | 65 |
| പ്രവൃത്തി പൂർത്തീകരിച്ചത് | 57 | 1 | 58 |
| പൂർത്തീകരിക്കാൻ ബാക്കി | 6 | 1 | 7 |

മുഴുവൻ ഗുണഭോക്താക്കളുടേയും ഭവന നിർമ്മാണം പൂർത്തീകരിക്കാനാവശ്യമായ തുക 19-20 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച 39 പേർക്ക് സംസ്ഥാന വിഹിതമായി വകയിരുത്തിയ തുക നൽകാൻ കഴിഞ്ഞിട്ടില്ല. മുഴുവൻ ഗുണഭോക്താക്കളുടേയും പ്രവൃത്തി പൂർത്തീകരിക്കുന്നതിനും പൂർത്തീകരിച്ച ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും നൽകുവാനും ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ക്ഷീര കർഷകർക്ക് പാൽ സബ്സിഡി -അപാകതകൾ

പ്രോജക്റ്റ് നം. 22/19

നിർവ്വഹണോദ്യോഗസ്ഥൻ -ഡയറി എക്സ്റ്റൻഷൻ ഓഫീസർ.

വകയിരുത്തിയ തുക -വികസന ഫണ്ട് ജനറൽ -200000/-

ബ്ലോക്ക് വിഹിതം 400000/-

ജില്ലാപഞ്ചായത്ത് -400000/-

ആകെ -1000000/-

<u>അപാകതകൾ</u>

a)2018 ഏപ്രിൽ മുതൽ 2019 മാർച്ച് 31 വരെ ക്ഷീരസംഘങ്ങളിൽ അളന്നിട്ടുള്ള പാലിന് ലിറ്ററിന് 4/ രൂപ നിരക്കിൽ 207ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.സർക്കാർ ഉത്തരവ്(കൈ)നം.22/18 ത.സ്വ.ഭ.വ.തി.14.02.18 പ്രകാരം ക്ഷീരവികസനവകുപ്പ് നൽകുന്ന ഒരു രൂപ ഉൾപ്പടെ ആകെ 4രൂപയാണ് ഒരു ലിറ്ററിന് ഗുണഭോക്താവിന് സബ്സിഡിയിനത്തിൽ നൽകേണ്ടത്. എന്നാൽ പതിനെട്ടരയാളം,എടവിലങ്ങ് എന്നീ ക്ഷീരോത്പാദക സഹകരണസംഘങ്ങളിൽ അളന്ന 20000/ ലിറ്റർ പാലിന് 800000/- രൂപ വിതരണം ചെയ്തിട്ടുണ്ട്. എൻക്വയറി നൽകിയതിനു മറുപടി ലഭ്യമാക്കിയിട്ടില്ല.(എൻക്വയറി നം 6/16.11.19)നൽകിയ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

ബിൽ നം. തി. തുക -01/20.12.18 - 166180/

ബിൽ നം. തി 02/21.12.18 - 33820/-

ചെക്ക് നം. തി 0598473/16.01.19-400000/-

ചെക്ക് നം. തി 0598474/14.01.19-200000/-

ആകെ 800000/-

b) മേൽ പറഞ്ഞ സർക്കാർ ഉത്തരവ് പ്രകാരം ഒരു കർഷകന് നൽകാവുന്ന പരമാവധി സബ്സിഡി 40000/- രൂപയാണ്. എന്നാൽ ഗുണഭോക്താക്കളായ ശ്രീനിവാസൻ,മാങ്കറ,മോഹൻലാൽ.കെ.വി.,കാട്ടിൽ എന്നീ ഗുണഭോക്താക്കൾക്ക് യഥാക്രമം 40828,40886 എന്നിങ്ങനെ സബ്സിഡി വിതരണം നടത്തിയിട്ടുണ്ട്. അധികം നൽകിയ 1714/-രൂപ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് പഞ്ചായത്തിൽ അടവാക്കിയിട്ടുണ്ട്.

## 1-30 വിനിയോഗവിവരം ഹാജരാക്കിയിട്ടില്ല.

സെക്രട്ടറി നടപ്പിലാക്കിയ താഴെപ്പറയുന്ന പദ്ധതികൾ പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കും മറ്റ് സ്ഥാപനങ്ങൾക്കും തുക കൈമാറിയിട്ടുണ്ട്. കൈമാറിയ തുകയുള്ള വിനിയോഗ വിവരമോ മറ്റ് ചെലവ് രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.വിശദവിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പദ്ധതി നം. / പദ്ധതിയുടെ പേര് | ബിൽ നം./ തിയതി / തുക | തുക കൈമാറിയ സ്ഥാപനം | ഹാജരാക്കാത്ത രേഖകൾ |
|---|---|---|---|---|
| 1 | വിജ്ഞാൻ സാഗർ പഞ്ചായത്ത് വിഹിതം - 48/19 | 100000/- | വിജ്ഞാൻ സാഗർ സയൻസ് &ടെക്നോളജി പാർക്ക് | രശീത്,പൂർത്തീകരണ വിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| 2 | ഇൻഫർമേഷൻ കേരള മിഷൻ- 01/19 | 05/30.05.18 -52000/- | ഐ.കെ.എം. | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 3 | സുശാന്തം- 49/19 | 2220874/28.05.18- 50000/- | ജില്ലാപഞ്ചായത്ത് | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| 4 | സ്ട്രീറ്റ് മെയിൻ വലിക്കൽ - 38/19 | 36/27.02.19- 90000/- | അസിസ്റ്റന്റ് എഞ്ചിനീയർ ,എറിയാട് സെക്ഷൻ | വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. |
| | | 292000/- | | |

മേൽ പ്രോജക്ടുകളുടെ വിനിയോഗവിവരം ഓഡിറ്റിനു ലഭ്യമാക്കേണ്ടതാണ്.

## 1-31 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി

പ്രോജക്ട് നം. 08/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക -312500(വികസന ഫണ്ട്)

150000(ബ്ലോക്ക് വിഹിതം)

ആകെ -462500/-

ചെലവഴിച്ച തുക:-

06/26.12.18 -212500/-

13/23.03.19 -50000/-

14/23.03.19 -50000/-

6598480/13.02.19-150000/-

മേൽ പ്രകാരം തൻവർഷം 37 കന്നുകുട്ടികളുടെ വിഹിതമായി 462500/-രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്.ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാൽ 17 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2019 ജനവരിയിലും,20 ഗുണഭോക്താക്കളെ ഉൾപ്പെടുത്തി 2019 ഏപ്രിൽ മാസത്തിലുമാണ് പദ്ധതി ആരംഭിച്ചിട്ടുള്ളത്.എടവിലങ്ങ് ക്ഷീരവ്യവസായ സൊസൈറ്റിയുടെ തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ പദ്ധതി ഇടക്ക് വെച്ച് ഉപേക്ഷിച്ചതായി കാണുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഉപയോഗപ്പെടുത്തിയ സബ്സിഡി | റിമാർക്സ് |
|---|---|---|---|
| 1 | നിഷവിനീഷ് ,കൊച്ചിക്കാട്ട് | 4305 | ഏഴ് മാസം മാത്രം വാങ്ങി |
| 2 | ബിജി ബ്രഹ്മകുമാർ,ചിറ്റേഴത്ത് | 3690 | 6മാസം മാത്രം വാങ്ങി |
| 3 | വിലാസിനി സുഭാസൻ, കാരയിൽ | 605 | ആകെ ഒരുമാസം മാത്രമാണ് തീറ്റ വാങ്ങിയിട്ടുള്ളത്. (കന്നുകുട്ടി ചത്തു) |
| 4 | സതീദേവി,മുരുക്കുപുഴ | 1845 | 3മാസം മാത്രമാണ് തീറ്റ വാങ്ങിയിട്ടുള്ളത്. |
| 5 | ശ്യാമള,തൊട്ടിപ്പുള്ളി | 3575 | 5മാസം തീറ്റ വാങ്ങി,കന്നുകുട്ടിയെ വിറ്റു |

ഒരു ഗുണഭോക്താവിന് 12500/- രൂപ വീതം പഞ്ചായത്ത് വിഹിതം എസ്.എൽ.ബി.പി.യിൽ അടവാക്കിയിട്ടുണ്ട്.5 ഗുണഭോക്താക്കൾക്കായി ഉപയോഗിക്കപ്പെടാതെ എസ്.എൽ.ബി.പി.യിൽ അവശേഷിക്കുന്ന തുക ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ഉരുവിനെ വിറ്റ സംഗതിയിൽ കരാർ പ്രകാരം നടപടികൾ സ്വീകരിക്കേണ്ടതാണ്.പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ് എൽ ബി പിയിൽ നിന്നും വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

## 1-32 എസ്.എസ്.എ.വിഹിതം അധികം നൽകിയ തുക ക്രമീകരിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി.

ബിൽ നം. 04/30.05.18 -500000/-

എസ്.എസ്.എ വിഹിതമായി ഗ്രാമപഞ്ചായത്ത് തൻവർഷം 500000/- രൂപ എസ്.എസ്.എ -ക്ക് കൈമാറിയിട്ടുണ്ട്.എന്നാൽ കൊടുങ്ങല്ലൂർ BRC -യുടെ ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം തൻവർഷത്തെ ആകെ ചെലവ് 963597.8/- രൂപയാണ് .ആയതിന്റെ 40% വിഹിതം മാത്രമാണ് ഗ്രാമപഞ്ചായത്ത് കൈമാറേണ്ടത്.ആയത് പ്രകാരം നൽകേണ്ടതുക 385439/-രൂപയാണ്.ബാക്കി തുക 114561/- രൂപ ക്രമീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-33 അഗതി രഹിത കേരളം- തൻവർഷം പദ്ധതി നടപ്പാക്കിയിട്ടില്ല.

പ്രോജക്റ്റ് നം. 84/19

വകയിരുത്തിയ തുക-250000/-
നിർവ്വഹണോദ്യോഗസ്ഥൻ -അസിസ്റ്റന്റ് സെക്രട്ടറി .

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും അശരണരും നിരാലംബരുമായ മുഴുവൻ അഗതി കുടുംബങ്ങളെ കണ്ടെത്തി അവരുടെ ആവശ്യങ്ങൾ തിട്ടപ്പെടുത്തി പ്രോജക്റ്റുകൾ തയ്യാറാക്കേണ്ടതും അതിനാവശ്യമായ തുക ചലഞ്ച് ഫണ്ട്,പ്ലാൻ ഫണ്ട്, എന്നിവ ഉൾപ്പെടുത്തി വകയിരുത്തേണ്ടതുമാണ്.പ്രോജക്റ്റ് പ്രകാരം പദ്ധതിയുടെ ഭാഗമായി പദ്ധതിവിഹിതം250000/- രൂപ കുടുംബശ്രീ സി.ഡി.എസിന് കൈമാറുന്നതിന് വകയിരുത്തുകയും ചെയ്തു.എന്നാൽ 2019-20വർഷത്തിലാണ് 149632/-രൂപ പ്രോജക്റ്റ് നടപ്പാക്കുന്നതിന് വേണ്ടി സി.ഡി.എസിന് കൈമാറിയിട്ടുള്ളത്.

അഗതി രഹിത കേരള പദ്ധതി ക്ക് വേണ്ടി 22.03.19 ൽ ധനലക്ഷ്മി ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും പദ്ധതി തുക 10.05.19ൽ ക്രെഡിറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.ആശ്രയ അക്കൗണ്ട് ക്ലോസ്സ് ചെയ്ത് 698860/ രൂപ ടി അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്.ആകെ 96 ഗുണഭോക്താക്കളുള്ള പഞ്ചായത്തിൽ നാളിതു വരെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല.പദ്ധതി നിർവ്വഹണത്തിന് ഓരോ പ്രവർത്തിക്കും പ്രത്യേകമായി ആക്ടിവിറ്റി കലണ്ടർ തയ്യാറാക്കേണ്ടതും ആയത് പ്രകാരം പദ്ധതിയുടെ പ്രവർത്തനം ക്രമീകരിക്കേണ്ടതുമാണ്.ഓരോ അഗതി കുടുംബത്തിനും വേണ്ടി നടപ്പാക്കുന്ന പരിചരണ പാക്കേജിന്റെ നിർവ്വഹണ പുരോഗതി വിലയിരുത്തുന്നതിന് വാർഡ് തല അയൽക്കൂട്ടത്തെ ചുമതലപ്പെടുത്തേണ്ടതും മോണിറ്ററിങ്ങ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുമാണ്.

## 1-34 എസ്.സി. കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ -അപാകതകൾ

പ്രോജക്റ്റ് നം -32/19
നിർവ്വഹണ ഉദ്യോഗസ്ഥൻ- അസി.സെക്രട്ടറി

മേൽ പദ്ധതി പ്രകാരം എസ്.സി കുടുംബങ്ങൾക്ക് വാട്ടർ കണക്ഷൻ ലഭിച്ചതിന്റെ രേഖകൾ ഹാജരാക്കുന്ന മുറക്ക് കുടുംബനാഥന്റെ അക്കൗണ്ടിലേക്ക് ചെലവ് തുക കൈമാറുകയാണ് ചെയ്യുന്നത്.കേരള വാട്ടർ അതോറിറ്റി നൽകുന്ന എസ്റ്റിമേറ്റ് തുക തന്നെയാണ് വാല്യുവേഷനായി വാല്യുവേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തുന്നത്. കേരള വാട്ടർ അതോറിറ്റി അസിസ്റ്റന്റ് എഞ്ചിനീയർ നൽകുന്ന എസ്റ്റിമേറ്റിൽ ഇനം 20 "Amount Remittance at Kerala Water Authority" ആയി 1087/- രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിയിൽ 1087 രൂപയേക്കാൾ കുറവ് തുക അടവാക്കിയ ഗുണഭോക്താക്കൾക്കും(രസീത് പ്രകാരം) ഇതേ തുക തന്നെ അനുവദിച്ചു കാണുന്നു.ഉദാഹരണം താഴെ കൊടുക്കുന്നു.

അപ്പു ,കാര എന്ന ഗുണഭോക്താവ് 337/- (26 മീറ്റർ നീളത്തിൽ പൈപ്പ് ഇടുന്നതിന്) രൂപയാണ് വാട്ടർ അതോറിറ്റിയിൽ അടവാക്കിയിട്ടുള്ളത്. ടിയാന്റെ എസ്റ്റിമേറ്റിൽ 1087 എന്നുള്ളത് മാറ്റി പകരം 337/- രൂപയാക്കി തിരുത്തിയാണ് തുക അനുവദിച്ചിട്ടുള്ളത് എന്നാൽ മറ്റൊരു ഗുണഭോക്താവായ മനോജ് സുബ്രഹ്മണ്യൻ ,തോട്ടുപറമ്പിൽ വാട്ടർ അതോറിറ്റിയിൽ അടവാക്കിയ തുക 837/- രൂപയാണ്. എസ്റ്റിമേറ്റിൽ പറഞ്ഞിട്ടുള്ള പ്രകാരം 1087/ രൂപ ഉൾപ്പെട്ട തുകയാണ് ടിയാന് നൽകിയിട്ടുള്ളത്.മോഹനൻ,കിഴക്കേപ്പാട്ട് എന്ന ഗുണഭോക്താവിന്റെ എസ്റ്റിമേറ്റ് 7300/- രൂപയായി നിജപ്പെടുത്തിയെങ്കിലും ടിയാന് 7800/- രൂപ (വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരം) നൽകിയിട്ടുണ്ട്.ഗുണഭോക്താവിന്റെ യഥാർത്ഥ ചെലവ് പരിശോധിച്ച് തുക അനുവദിക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്.

## 1-35 ബിൽ ബുക്ക് ഹാജരാക്കിയിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ-ഫിഷറീസ് സബ് ഇൻസ്പെക്ടർ.

ഫിഷറീസ് സബ് ഇൻസ്പെക്ടർ 2018-19 വർഷം രണ്ട് പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.ആയതിന്റെ ട്രഷറി ബിൽ ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.ഓഡിറ്റ് എൻക്വയറി നം.12/20.11.19 പ്രകാരം എൻക്വയറി നൽകിയെങ്കിലും ആയത് ഹാജരാക്കിയിട്ടില്ല.ബിൽ ബുക്ക് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-36 എൻ.ആർ.ഇ.ജി.എസ്,ഡി.എസ്.ആർ നിരക്കുകൾ ക്വാറി മക്ക് വിരിക്കുന്നത് തമ്മിൽ ഗണ്യമായ അന്തരം

ഗ്രാമപഞ്ചായത്തിലെ അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ മരാമത്ത് പണികളിൽ ക്വാറിമക്ക് വിരിക്കുന്ന ഇനത്തിന് (ഡാറ്റാ ഇനം 51.2.3)നിരക്ക് 891.95/m3 ആണ്.ഇവിടെ ഈ ഇനത്തിന്റെ വില തൃശ്ശൂർ ജില്ലക്ക് ബാധകമായ കോസ്റ്റ് ഇന്റക്സ് 37.25% അടക്കം 750 രൂപയാണ്.അതേ സമയം എൻ.ആർ.ഇ.ജി.എസ് ഡാറ്റ പ്രകാരം ഈ ഇനത്തിനുള്ള നിരക്ക് 1262.79/m3 രൂപയാണ്.നിരക്കുകൾ തമ്മിലുള്ള അന്തരം 41.58%. എൻ.ആർ.ഇ.ജി.എസ് നിരക്ക് പ്രകാരം ഇനത്തിന്റെ വില 1250/m3. നിരക്കുകൾ തമ്മിലുള്ള അന്തരം 61.87%,അതായത് മൂന്നിൽ രണ്ട് ശതമാനം വർധന.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ സൂചിപ്പിച്ചത് എൻ.ആർ.ഇ.ജി.എസ്. നിരക്കുകൾ നിർണയിക്കുന്നത് GO(Rt)1640/16/LSGD/10/5/16 പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലെയും പി.ഡബ്ളിയു.ഡി.ബിൽഡിങ് എക്സി.എൻജിനീയറുടെ നേതൃത്വത്തിലുള്ള സമിതി പ്രാദേശിക തലത്തിൽ നിരക്കുകൾ സംബന്ധിച്ച് അന്വേഷണം നടത്തുന്നതിന്റെ അടിസ്ഥാനത്തിലാണെന്നാണ്. 2016ലെ തന്നെ ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള നിരക്ക് അനുസരിച്ചാണ് അസി.എൻജിനീയർ നിർവഹണോദ്യോഗസ്ഥനായി നടപ്പിലാക്കുന്ന പ്രവൃത്തികൾ നിർവഹിക്കുന്നത് .ഇതേ നിർവഹണോദ്യോഗസ്ഥൻ കൺവീനർ ആയുള്ള ടെക്നിക്കൽ കമ്മിറ്റിയാണ് എൻ.ആർ.ഇ.ജി.എസ്. പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നത്. ഒരേവർഷം നടത്തുന്ന പ്രവൃത്തികൾക്ക് ഇപ്രകാരം ഗണ്യമായ വ്യത്യസ്ത നിരക്കുകൾ നൽകുന്നതിനെക്കുറിച്ച് സർക്കാർ തലത്തിൽ പഠനം നടത്തി ഉചിതമായ തീരുമാനമെടുക്കുന്നത് ശ്രദ്ധേയമായ കാര്യമായിരിക്കും.സാമ്പത്തികവർഷം മേൽ പദ്ധതിയുടെ ഭാഗമായി ഒന്നാം വാർഡിൽ ബഹദൂർ സ്മാരക സ്റ്റേജിന്റെ പിൻവശത്തു കൂടി മെയിൻ റോഡ് വരെയും പന്ത്രണ്ടാം വാർഡിൽ പുതുവീട്ടിൽ അബ്ദുൾറഷീദ് വീട് മുതൽ പുലരി അംഗൻവാടി വരെയുമുള്ള ഭാഗങ്ങൾ കോൺക്രീറ്റ് ചെയ്യുന്നതിന്റെ ഭാഗമായി മേൽപറഞ്ഞ ഇനം പ്രവൃത്തി നടത്തിയിട്ടുള്ളതാണ്.

ഈ വിഷയത്തിൽ ഭരണസമിതി തലത്തിൽ തീരുമാനമെടുത്ത് നിരക്കുകളിലെ പൊരുത്തക്കേട് സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് ഉചിതമായിരിക്കും.

## 1-37 തൊഴിലുറപ്പുപദ്ധതി-പൊതുവിവരങ്ങൾ

സാമ്പത്തികവർഷം ആകെ ചെലവായ 19990940 രൂപയിൽ 18764133 രൂപയും കൂലി നൽകാൻ വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. 755 കുടുംബങ്ങൾ പ്രവൃത്തിയെടുത്തതിൽ 184കുടുംബങ്ങൾക്കും നൂറ് ദിവസത്തെ കൂലി നൽകാൻ കഴിഞ്ഞതും ശ്രദ്ധേയമാണ്.സമഗ്രനീർത്തടപദ്ധതിയുടെയും തോട് പുനരുദ്ധാരണത്തിന്റെയും ഭാഗമായിട്ടാണ് കൂടുതലും തുക വിനിയോഗിച്ചിട്ടുള്ളത്. മണ്ണിന്റെ ഫലപുഷ്ടി വർധിപ്പിക്കുന്നതിനും മാലിന്യനിർമാർജനത്തിനും ഉതകുന്ന ഈ പദ്ധതികൾ കാർഷിക,ആരോഗ്യമേഖലകളിൽ ശ്രദ്ധേയമായ ചലനം സൃഷ്ടിക്കുന്ന ഒന്നാണ്. ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്ന പദ്ധതികൾക്ക് പ്രാധാന്യം നൽകി ഭാവിയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ ശ്രമിക്കുന്നതും നല്ല കാര്യമാണ്. അവിദഗ്ധ തൊഴിലാളികളെ വിദഗ്ധതൊഴിലാളികളാക്കി വികസിപ്പിച്ചുകൊണ്ടുവരാൻ കഴിഞ്ഞാലും അത് ഈ പദ്ധതിയുടെ വിജയമായി വിലയിരുത്താവുന്നതാണ്.

## 1-38 മഴക്കെടുതിമൂലം തകർന്ന റോഡുകൾ -വിവരങ്ങൾ ലഭ്യമാക്കിയില്ല

2019 ലെ മഴക്കെടുതികൾമൂലം താഴെപറയുന്ന ആസ്തികൾ തകർന്നത് എം.എൽ,എ,എം.പി. ഫണ്ട് ഉപയോഗിച്ച് പുനർസൃഷ്ടിക്കുവാൻ ഭരണസമിതിയുടെ 1(1)/21/8/19 നം. തീരുമാനത്തിൽ അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തിയതായി രേഖപ്പെടിത്തിയിരുന്നു.എന്നാൽ ഏതെല്ലാം ആസ്തികളാണ് തകർന്നത് എന്ന വിവരം മിനിറ്റ്സിൽ രേഖപ്പെടുത്തിയിരുന്നില്ല.ഇതുസംബന്ധിച്ച ഫയൽ A2-3573/19 പരിശോധനക്ക് ലഭ്യമാക്കിയിട്ടുമില്ല.ഇക്കാര്യത്തിൽ സ്പഷ്ടീകരണം ലഭ്യമാക്കേണ്ടതാണ്

## 1-39 11ാം വാർഡിലെ അംഗണവാടി എത്രയും വേഗം വൈദ്യുതീകരിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്

സി.എഫ്.സി.ഫണ്ട് ഉപയോഗിച്ച് 1025000 രൂപ അടങ്കലിൽ 851642 രൂപ ചെലവിട്ട് മേൽപറഞ്ഞ അംഗണവാടിയുടെ സിവിൽ പ്രവൃത്തികൾ 10/12/18 ൽ പൂർത്തീകരിച്ചിട്ടുണ്ടെങ്കിലും വൈദ്യുതീകരണം നടത്താത്തതിനാൽ ഉപയോഗിച്ച് തുടങ്ങിയിട്ടില്ല.ആയത് എത്രയും വേഗം പ്രവർത്തനക്ഷമമാക്കുന്നതാണെന്ന് സൂചിപ്പിച്ചിട്ടുള്ളതുമാണ്.കെട്ടിടത്തിന്റെ ഉൽഘാടനകർമ്മം നടത്താത്തതിനാൽ ഗ്രാനൈറ്റ് ശിലാഫലകം സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല.കെട്ടിടം പ്രവർത്തനക്ഷമമാകുന്നതിനനുസൃതമായി ഗ്രാനൈറ്റ് സ്ളാബ് സ്ഥാപിക്കുമെന്നും അറിയിച്ചിട്ടുള്ളതാണ്.കെട്ടിടത്തിന്റെ പേര് പെയിന്റുപയോഗിച്ച് എഴുതിയത് മങ്ങിയ അവസ്ഥയിലായിരുന്നു. ആയത് ബ്രാന്റഡ് പെയിന്റ് ഉപയോഗിച്ച് ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുള്ളതാണ്.പി.എച്ച്.സി സബ് സെന്ററിന്റെ പിറകിലാണ് ഈ അംഗണവാടി സ്ഥിതി ചെയ്യുന്നത്.18(1)/19/1/19 ലെ ഭരണസമിതി തീരുമാനത്തിൽ ആരോഗ്യവകുപ്പിന്റെ അനുമതി ഇല്ലാതെയാണ് കെട്ടിടത്തിന്റെ തറക്കല്ലിട്ടതെന്നും,ഇക്കാര്യം പി.എച്ച്.സി.മെഡിക്കൽ ആഫീസറും ഡി.എം.ഒയും സൂചിപ്പിച്ചെന്നും,16.2.2018 ലെ ഭരണസമിതി 5ാം നമ്പർ തീരുമാനത്തിൽ A2-6342/18 നം.കത്ത് പ്രകാരം എം.എൽ.എക്കും ത.സ്വ.ഭ.വ.മന്ത്രിക്കും അപേക്ഷ നൽകിയതായും രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടിയിൽ നിർവഹണോദ്യോഗസ്ഥനായ അസി.എൻജിനീയർ സൂചിപ്പിച്ചിട്ടുള്ളത് മേൽപ്പറഞ്ഞ കത്തുകളുടെ അടിസ്ഥാനത്തിൽ ഡി.എം.ഒ.ഉറപ്പുനൽകുമെന്നുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തി ആരംഭിച്ചു എന്നാണ്.ഇക്കാര്യത്തിൽ സ്പഷ്ടീകരണത്തിനുള്ള നടപടി എത്രയും വേഗം കൈകൊള്ളേണ്ടതാണ്.

## ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2019 | 24.7.2019,25.7.2019 | നം കെ എസ് എ ടി എസ് ആർ (എസ്1)1120/19(16) dt 22.8.19 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 30000 | നെൽകൃഷി വികസനം | 25500 | 4500 |
| ,, | ,, | 150000 | പ്രത്യേക കന്നുകുട്ടി പരിപാലനം | 150000 | 0 |
| ,, | ,, | 763266 | ലൈഫ് (ജനറൽ) | 763266 | 0 |
| ,, | ,, | 100000 | ലൈഫ് (SC) | 0 | 100000 |
| ,, | ,, | 250000 | അംഗൻവാടി പോഷകാഹാരം | 242616 | 7384 |
| ,, | ,, | 400000 | ക്ഷീരകർഷകർക്ക്സബ്സിഡി | 400000 | 0 |
| ,, | ,, | 300000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 300000 | 0 |
| ,, | ,, | 75000 | ഹരിത സേന വഴി പ്ളാസ്റ്റിക്ക് മാലിന്യം ശേഖരണം കൊണ്ടു പോകൽ | 0 | 75000 |
| ,, | ,, | 600000 | മുഹമ്മദ് അബ്ദുൾ റഹിമാൻ ലിങ്ക് റോഡ് ഫോർമേഷൻ വാർഡ് 2 | 562340 | 37660 |
| | ആകെ | 2668266 | | 2443722 | 224544 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 200000 | പെയിൻ ആന്റ് പാലിയേറ്റിവ് കെയർ | 200000 | 0 |
| ,, | ,, | 362500 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് | 362500 | 0 |
| ,, | ,, | 1109976 | ലൈഫ് (ജനറൽ) | 1109976 | 0 |
| ,, | ,, | 200000 | ക്ഷീരകർഷകർക്ക്സബ്സിഡി | 200000 | 0 |
| | | 100000 | സ്ട്രീററ്മെയിൻ വലിക്കൽ | 100000 | 0 |
| “ | ,, | 100000 | പഞ്ചായത്ത് പൊതുകിണർ വൃത്തിയാക്കൽ | 46833 | 53167 |
| ,, | ,, | 100000 | കിണർ മെയിന്റനൻസ് | 0 | 100000 |
| | ആകെ | 2172476 | | 2019309 | 153167 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| KSEB | 38/19 സ്ട്രീറ്റ് മെയിൻ വലിക്കൽ | 397324 | 0 | 397324(UC 18-19 ൽ ലഭ്യമായില്ല) |
| | 122/19 സ്ട്രീറ്റ് മെയിൻ വലിക്കൽ | 463517 | 0 | 463517(UC 18-19 ൽ ലഭ്യമായില്ല) |
| | 122/19 സ്ട്രീറ്റ് മെയിൻ വലിക്കൽ | 77480 | 0 | 77480(UC 18-19 ൽ ലഭ്യമായില്ല) |
| | ആകെ | 938321 | | 938321 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന വായ്പാ പദ്ധതി(HUDCO) | 124/2018 ത.സ്വ.ഭവ തീ.11.9.2018 | 12060000 | | | | 12060000 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഈ വർഷം റിക്കവറിയില്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

| ക്രമനം | വർഷം | ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | സ്വീകരിച്ച നടപടി വിവരങ്ങൾ |
|---|---|---|---|---|---|
| 1 | 2013-14 മുതൽ 2017-18 | 2-2 | 2016-17 | തൊഴിൽ നികുതി സംബന്ധിച്ച് | തുക അടവാക്കിയിട്ടുണ്ട് എന്ന് ബോധിപ്പിക്കുന്നു. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70659466 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 64149421 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 544000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 40000 | ഡോ.അനിൽ ടി.പി,മെഡിക്കൽ ഓഫീസർ,പി എച്ച് സി |
| 1-25 | 504000 | ശ്രീമതി.ഡിനി വിൻസന്റ് ,ICDS സൂപ്പർവൈസർ |
| ആകെ | 544000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല.

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 83-84 | എൽ.എഫ്.ടി.എസ്2-<br>1131/2011 /1.2.12 |
| 84-85 | |
| 86-87,87-88 | |
| 90-91 | |
| 91-92 | |
| 92-93,93-94 | |
| 94-95 | |
| 97-98 | എൽ.എഫ്.ടി.12-1447-98/14.5.99 |
| 98-99(ചെലവ്) | എൽ.എഫ്.ടി.12-210-2000/15.5.2000 |
| 98-99(വരവ്) | എൽ.എഫ്.ടി.12-170/01/6.4.01 |
| 99-00 | എൽ.എഫ്.ടി.12/296/01/2.6.01 |
| 00-01 | എൽ.എഫ്.ടി.16/22/03/27.02.03 |
| 01-02 | എൽ.എഫ്.ടി.16/1542/03 |
| 02-03,03-04 | എൽ.എഫ്.ടി.16/1820/04/09.02.05 |
| 04-05 | എൽ.എഫ്.ടി.16/311/07/7.3.07/ 5.5.07 |
| 05-06 | എൽ.എഫ്.ടി.16-797/09/22.09.10 |
| 06-07 | എൽ.എഫ്.ടി.16-810/09/22.09.10 |
| 07-08 | എൽ.എഫ്.ടി.പി.(3)1859/10/ 21.11.11 |
| 08-09 | എൽ.എഫ്.ടി.പി.(3)860/12/2.11.12 |
| 09-10 | എൽ.എഫ്.ടി.പി.(3)861/12/2.11.12 |
| 10-11 | എൽ.എഫ്.ടി.പി.862/12/2.11.12 |
| 12-13 | എൽ.എഫ്.ടി.പി.3-1026/14/ 11.12.2014/11.3.2015 |
| 13-14&<br>14-15 | കെ.എസ്എ.ടി.എസ്.ആർ.(പി3)353/16/ 30.03.16 |
| 15-16 | കെ.എസ്എ.ടി.എസ്.ആർ.(പി3)1909/2016 തീ. 19.11.16 |
| 16-17 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1645/2017തീ. 29.11.17 |
| 17-18 | കെ.എസ്എ.ടി.എസ്.ആർ.(പി3)/1871/2018തീ. 12.12.2018 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ എടവിലങ്ങ് ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ.

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| | |
|---|---|
| റസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്<br>ബാലൻസ് ഷീറ്റ് | സംക്ഷിപ്തം ( Audited Abstract) |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ